കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വരവൂർ ഗ്രാമപഞ്ചായത്ത്

2015-16 ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail:dotsr@gmail.com

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി5)2207/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.
PIN : 680 020 തിയ്യതി 16.01.2017
Ph.No. 0487 2331249
e-mail : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വരവൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വരവൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-3, 2-11 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-6, 3-14 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും

അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ(പി5)2207/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.
PIN : 680 020 തിയ്യതി 16.01.2017
Ph.No. 0487 2331249
e-mail : dotsr.ksad@kerala.gov.in

## തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2015 മുതൽ 30.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,1.4.15 മുതൽ 31.3.16 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.12.16 മുതൽ 08.12.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്.<br>ഓഡിറ്റ്ഓഫീസർ.(ഹ.ഗ്രേ)<br>കെ.എം.ഷാജിത.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീമതി.രാജിഷ.ആർ,ഓഡിറ്റർ<br>ശ്രീ.ജിജേഷ്.എ.കെ,ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.പി.സുനിത | 01.04.2015മുതൽ<br>31.10.2015 വരെ |
| ഭരണ നിർവഹണ കമ്മിറ്റി | സെക്രട്ടറി,<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ,<br>കൃഷി ഓഫീസർ | 01.11.2015 മുതൽ 18 .11.2015 വരെ |
| പ്രസിഡന്റ് | കെ.കെ.ബാബു | 19.11.2015മുതൽ<br>31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.വി.പി .വിജയൻ | 01.04.2015മുതൽ<br>30.11.2015 വരെ |
| | ശ്രീമതി.എം.എസ്.അംബിക | 01.12.2015മുതൽ<br>31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:-

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.എം.എസ്.അംബിക | 01.04.2015മുതൽ<br>31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പി.കെ.രാജലക്ഷമി | 01.04.2015മുതൽ<br>31.03.2016 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.രാജലക്ഷമി രാധാകൃഷ്ണൻ | 01.04.2015മുതൽ<br>31.03.2016 വരെ |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി | ഡോ.രേഖ.എൻ | 01.04.2015മുതൽ<br>31.03.2016 വരെ |
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ. ധന്യ | 01.04.2015മുതൽ<br>31.03.2016 വരെ |
| മെഡിക്കൽഓഫീസർ,ഹോമിയോ | ഡോ.സ്റ്റീഫൻ ജോസ് | 01.04.2015മുതൽ<br>31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ.സുരാസു മുഹമദ് | 01.04.2015മുതൽ<br>03.03.2016 വരെ |
| | ശ്രീ.ഷാജു.എം.എ | 04.03.2016മുതൽ<br>31.03.2016 വരെ |
| ഐ.സിഡിഎസ്.സൂപ്പർവൈസർ | ശ്രീമതി.കോമളവല്ലി | 01.04.2015മുതൽ<br>31.03.2016 വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, വരവൂർ | ശ്രീമതി മേരികുട്ടി അഗസ്റ്റിൻ | 01.04.2015മുതൽ<br>31.03.2016 വരെ |
| അസിസ്റ്റന്റ്എൻജിനിയർ | ശ്രീ.അനൂപ്.കെ.എം | 01.04.2015മുതൽ<br>24.07.2015 വരെ |
| | ശ്രീമതി.ചാന്ദിനി | 25.07.2015മുതൽ<br>23.12.15വരെ |
| | ശ്രീമതി.ദൃശ്യ | 24.12.2016 മുതൽ<br>01.02.16(F.N) വരെ |

| | | |
|---|---|---|
| | ശ്രീമതി.സീന.സി.എൻ | 01.02.16(A.N)മുതൽ<br>31.03.2016 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വരവിനങ്ങളുടെ പുരോഗതി | 1-12 |
| | ഭാഗം 2 | |

| | | |
|---|---|---|
| 13 | തനത് ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ പഞ്ചായത്ത് താൽപര്യം പ്രകടിപ്പിക്കുന്നില്ല | 2-1 |
| 14 | ബജറ്റ് പ്രക്രിയ കാര്യക്ഷമമല്ല | 2-2 |
| 15 | സർക്കാർ ഉത്തരവിനു വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകി-വസ്തുനികുതി ഇളവ് പുനപരിശോധിക്കേണ്ടതാണ്. | 2-3 |
| 16 | തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിച്ചില്ല. | 2-4 |
| 17 | ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 2-5 |
| 18 | സർക്കാർ ഉത്തരവിനു വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകി | 2-6 |
| 19 | വിമുക്തഭടൻമാരുടെ വസ്തുനികുതി-അനർഹമായി ഇളവനുദിച്ചു | 2-7 |
| 20 | നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം. | 2-8 |
| 21 | അനധികൃത കെട്ടിടനിർമ്മാണം-ഫീൽഡ് പരിശോധന നടത്തുന്നില്ല | 2-9 |
| 22 | തറവിസ്തീർണ്ണത്തിനാനുപാതികമായി റഗുലറൈസേഷൻ ഫീ ഈടാക്കിയില്ല | 2-10 |
| 23 | റഗുലറൈസേഷൻ ഫീ ചട്ടപ്രകാരം ഈടാക്കുന്നില്ല | 2-11 |
| 24 | വേക്കൻസി റമിഷൻ മൂലം വസ്തുനികുതി ഇളവ് അനുവദിച്ച കെട്ടിടറൂമുകളിൽ സ്ഥാപനങ്ങൾക്ക് ഡിആന്റ് ഒ ലൈസൻസ് അനുവദിച്ചു | 2-12 |
| 25 | ഡി.ആന്റ്.ഒ പരാമർശങ്ങൾ | 2-13 |
| 26 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-14 |
| 27 | തൊഴിൽനികുതി നിർണ്ണയിക്കുന്നതിനായി അർദ്ധവാർഷികവരുമാനം കണക്കാക്കുമ്പോൾ വീട്ടുവാടക ബത്ത ഒഴിവാക്കാവുന്നതാണ് | 2-15 |

| | | |
|---|---|---|
| | | |
| 28 | തൊഴിൽനികുതി-തനതുവരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-16 |
| 29 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ്. | 2-17 |
| 30 | ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല | 2-18 |
| | ഭാഗം 3 | |
| 31 | പദ്ധതി -ലഭ്യമായ ഫണ്ട് മുഴുവനും ചെലവഴിക്കാനായില്ല | 3-1 |
| 32 | ഇ ടെണ്ടർ പഞ്ചായത്തിന് ലാഭകരം | 3-2 |
| 33 | കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല | 3-3 |
| 34 | ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി | 3-4 |
| 35 | റോഡ് പ്രവൃത്തികളിൽ ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ ഉപയോഗിച്ചു | 3-5 |
| 36 | സ്ഥലപരിശോധനയിൽ കാണപ്പെട്ട അപാകതകൾ | 3-6 |
| 37 | കാർഷിക കർമ്മസേന-പരിശീലനം പൂർത്തീകരിച്ച കർഷകർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-7 |
| 38 | നെൽകൃഷിക്ക് കൂലിച്ചെലവ് സബിസിഡി-സംയുക്ത പ്രൊജക്ടിന്റെ സാധ്യത പരിശോധിച്ചില്ല | 3-8 |
| 39 | നെൽകൃഷിക്ക് കൂലിച്ചെലവ്, കവുങ്ങിന് മാഹാളിമരുന്ന്-അനർഹർക്ക് സബ്സിഡി തുക അനുവദിച്ചു | 3-9 |

| | | |
|---|---|---|
| 40 | 20വർഷത്തെ വികേന്ദ്രീകൃത പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ-പ്രൊജക്റ്റ് പൂർത്തീകരിച്ചിട്ടില്ല | 3-10 |
| 41 | ആദായനികുതി ഈടാക്കിയിട്ടില്ല | 3-11 |
| 42 | മീഡിയാശ്രീ- പദ്ധതി പണം കൈമാറി-ഡോക്യുമെന്ററിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായില്ല | 3-12 |
| 43 | ഐ.എ.വൈ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-13 |
| 44 | ആശ്രയ-ലഭ്യമായ വിഹിതം വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല | 3-14 |
| 45 | അംഗൻവാടികൾ-അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-15 |
| 46 | ഭവനനിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല | 3-16 |
| 47 | പ്രവൃത്തി നാളിതുവരെ പൂർത്തിയായിയില്ല | 3-17 |
| 48 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല | 3-18 |
| 49 | കന്നുകുട്ടി പരിപാലനം പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-19 |
| 50 | പി.എച്ച.സിയിലേക്ക് മരുന്നുവാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല | 3-20 |
| 51 | ആശ്രയ മരുന്നുകൾ ലഭ്യമായിട്ടില്ല | 3-21 |
| 52 | ഹെഡ്മാസ്റ്റർ നിർവഹണം-IEDC സ്കോളർഷിപ്പ് അപാകതകൾ | 3-22 |
| 53 | ആശ്രയ-വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നില്ല | 3-23 |

| | | |
|---|---|---|
| 54 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-24 |
| | ഭാഗം 4 | |
| 55 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 56 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 57 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 58 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 59 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 60 | ഓഡിറ്റ് റിക്കവറി | 4-6 |
| 61 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 62 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 63 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 64 | അനുബന്ധം-ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 65 | Annexure Audit certificate | |


# ഭാഗം 1

# പൊതു അവലോകനം

## 1-1. ബജറ്റ്

2015- 16 വർഷത്തെ ബജറ്റ് 19.03.2015 തിയതിയിലെ 27/2015 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. അതു പ്രകാരം ആകെ വരവ് 152952000/- രൂപയും ആകെ ചെലവ് 151678000/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|
| 31.07.2016 | 30.07.2016 |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 05.12.2016 |

1. ആസ്തി ബാദ്ധ്യത വിവരങ്ങൾ പൂർണ്ണമായും വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല
2. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല
3. 31.03.2016 ലെ എം.ജി.എൻ.ആർ.ഇ.ജി.എസ് ബാങ്ക് അക്കൗണ്ടിലെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കീയിരിപ്പ് 6391/-രൂപയും പഞ്ചായത്ത് വാർഷിക കണക്കിൽ എം.ജി.എൻ.ആർ.ഈ.ജി.എസ്.നീക്കീയിരിപ്പ് 5825/- രൂപയുമാണ്. വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് - | 15685433 |
| വരവ് - | 35227949 |
| ആകെ - | 50913382 |
| ചെലവ് - | 43722274 |
| നീക്കിയിരിപ്പ്- | 7191108 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് തുക | നീക്കിയിരിപ്പ് (40b) പ്രകാരം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | * 3064830 | ** 4699486 | 7764316 | 7619903 | 144413 (ലാപ്സ്ഡ് തുക) | |
| വികസനഫണ്ട് എസ്.സി.പി. | 1863239 | 6779051 | 8642290 | 8017820 | 624470 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 2000 | 0 | 2000 | 0 | 2000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 512402 | 8412327 | 8924729 | 8924729 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 121501 | 1213804 | 1335305 | 1335305 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1062984 | 4057998 | 5120982 | 3357140 | 1763842 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2571834 | 2303142 | 4874978 | 2565802 | 00 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | - | 10770911 | 10770911 | 10764520 | 2309174 | 6391** |

2000- വികസന ഫണ്ട് ടി.എസ്.പി ട്രാൻസ്ഫർ ക്രഡിറ്റ് തുക

** വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് തുക 5825 രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക്, ബാങ്ക് പത്രിക എന്നിവ പ്രകാരം 6391/- രൂപയാണ് നീക്കിയിരിപ്പ്. വ്യത്യാസം വാർഷിക പത്രികയിൽ ക്രമീകരിച്ചിട്ടില്ല.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 44592747 | 114 | 32287021 | 7 | 22 | 83.82% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1.വനിതകൾക്ക് ഓട്ടോറിക്ഷ 67/16

2. ആശ്രയ മരുന്നു വാങ്ങൽ 86/16

3. അറവുശാല സ്ഥലംവാങ്ങൽ 115/16

4.ശുചിത്വ കക്കൂസ് നിർമ്മാണം 144/16

5.തെരുവു വിളക്കുകളുടെ അറ്റകുറ്റപണികൾ 30/16

6. വളവ്പള്ളി റോഡ് സോളിങ്ങ്,മെറ്റലിംങ്ങ്,ടാറിങ്ങ്104/16

7.തെക്കേപെരുംകുന്ന് കോളനി കുടിവെള്ളപദ്ധതി101/16

8.പുറശ്ശേരി കോളനി റോഡിനു സംരക്ഷണ ഭിത്തി 27/16

9.ചെർലാടികുന്ന് റോഡ് നിർമ്മാണം39/16

10.കക്കാട്ടുകുന്ന് കോളനി റീ ടാറിങ്55/16

11.വിരുട്ടാണം കോളനി പിണ്ഡാലികുന്ന് പാലക്കാട് ജില്ലയിൽ മുട്ടുന്ന ഭാഗത്തെ റോഡ് മെറ്റലിങ്ങ്,ടാറിംങ്ങ് 132/16

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 53.42 % കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2677362 | 1178748 | 1498614(-) | 55.97(-) |
| നികുതിയേതര വരവുകൾ | 320882 | 342239 | 21357(+) | 6.65(+) |
| മറ്റുവരവുകൾ | 560309 | 137002 | 423307(+) | 75.54(+) |
| ആകെ | 3558554 | 1657989 | 1900565 | 53.4(-) |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 340440 | 220 |
| കർഷകതൊഴിലാളി പെൻഷൻ | 3983370 | 543 |

| | | |
|---|---|---|
| വിധവാപെൻഷൻ | 10253840 | 1110 |
| വാർദ്ധക്യകാലപെൻഷൻ | 7238250 | 912 |
| വികലാംഗപെൻഷൻ | 2418550 | 273 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 845360 | 41 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2016 തീയതിയിൽ 3 pm- ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4412/- -(രൂപ നാലായിരത്തി നാനൂറ്റി പന്ത്രണ്ട് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വരവൂർ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്.രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാനും രേഖപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വയ്ക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്.ആസ്തിരജിസ്റ്ററുകൾ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനും നികുതി പിരിച്ചെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കി തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമം പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്. ബൈലോ തയ്യാറാക്കി പരസ്യ നികുതി പിരിച്ചെടുക്കാനും നികുതിനികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുത്ത് തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം -

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2016, 28.09.2016 | 08/2016 | 31.10.2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.06.2009, 09.07.2009 | 2004-05മുതൽ 2008-09 വരെ | 10.08.2009 |

## 1-12 വരവിനങ്ങളുടെ പിരിവ് പുരോഗതി

| ക്രമ നം | പിരിവിനം | കുടിശ്ശിക ഡിമാൻറ് | കുടിശ്ശിക പിരിവ് | പിരിവ് (%) | തൻവർഷം ഡിമാന്റ് | തൻവർഷം വരവ് | പിരിവ് (%) |
|---|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 299246 | 70327 | 23.5 | 1288483 | 542143 | 42% |
| 2 | തൊഴിൽ നികുതി | 350 | - | - | 567890 | 567890 | 100% |
| 3 | ഡി.ആന്റ്.ഒ | | | | 18475 | 18475 | 100 |

വരവൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ തനതു ഫണ്ട് വരവ് മുൻവർഷങ്ങളിലെ അപേക്ഷിച്ച് കുറവ് ഉണ്ടായിട്ടുണ്ട്. നികുതി വരുമാനം മുൻ വർഷങ്ങളെ അപേക്ഷിച്ച് 55.97(%) കുറവായാണ് പിരിച്ചെടുത്തിരിക്കുന്നത്. നികുതിയേതര വരുമാനമാകട്ടെ ഏകദേശം പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് . കെട്ടിട നികുതിയിനത്തിൽ 47.56 % കുറവാണ് തൻവർഷം സംഭവിച്ചിരിക്കുന്നത്. പരസ്യ നികുതി യിനത്തിലുള്ള വരവില്ല.പഞ്ചായത്തിന്റെ തനതു വരുമാനം കൂട്ടാനുള്ള പ്രധാന ഉറവിടമായ പരസ്യ നികുതി ബൈലോ അംഗീകരിച്ച് പിരിച്ചെടുക്കാൻ ശ്രമം ഉണ്ടാവേണ്ടതാണ്. കാലാവധി കഴിഞ്ഞ് കാലഹരണപ്പെട്ട തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടേണ്ടതാണ്. കെട്ടിട നികുതി മുഴുവൻ പിരിച്ചെടുക്കുകയും പരസ്യനികുതിയിലുള്ള വരുമാനം വർദ്ധിപ്പിച്ച് പഞ്ചായത്തിന്റെ തനതു വരുമാനം വദ്ധിപ്പിക്കാൻ വേണ്ട ശ്രമം പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ പഞ്ചായത്ത് താൽപര്യം പ്രകടിപ്പിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 200 ാം വകുപ്പ് പ്രകാരം പഞ്ചായത്തുകൾക്ക് താഴെ പറയുന്ന നികുതികൾ ചുമത്താൻ അനുമതിയുണ്ട്.

1. വസ്തു നികുതി
2. സേവന നികുതി
3. വിനോദനികുതി
4. പരസ്യനികുതി
5. തൊഴിൽ നികുതി

എന്നാൽ 2015-16 വർഷത്തിലെ ബജറ്റിൽ വസ്തു നികുതി,തൊഴിൽ നികുതി,പരസ്യനികുതി എന്നിവ പിരിച്ചെടുക്കാനാണ് നിർദ്ദേശമുള്ളത്. സേവനനികുതി പിരിച്ചെടുക്കാൻ ഈ ബജറ്റിൽ നിർദ്ദേശങ്ങളില്ല. 2014-15 ലും പരസ്യനികുതി പിരിച്ചെടുക്കാൻ ബജറ്റിൽ നിർദ്ദേശിച്ചിരുന്നു. പരസ്യനികുതി പിരിച്ചെടുക്കാൻ നാളിതുവരേയും ബൈലോ തയ്യാറാക്കിയിട്ടില്ല. പരസ്യനികുതി ഈടാക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കാൻ മറ്റൊരു ക്രിയാത്മക നിർദ്ദേശവും 2015-16വർഷത്തെ ബജറ്റിലില്ല.

തനത് ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ പഞ്ചായത്തിന്റെ താത്പര്യക്കുറവ് ഇതിൽ നിന്നും വ്യക്തമാണ്. ഇക്കാര്യം അനന്തരനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 ബജറ്റ് പ്രക്രിയ കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനുവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംങ്ങ് കമ്മിറ്റികൾ,സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി മേൽ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 2015-16 ലെ ബജറ്റ് തയ്യാറാക്കുന്നതിലേക്ക് എല്ലാ നിർവ്വഹണഉദ്യോഗസ്ഥന്മാരിൽ നിന്നും മറ്റു സ്റ്റാന്റിംങ്ങ് കമ്മിറ്റികളിൽ നിന്നും അവർക്കാവശ്യമായ ചെലവുകളുടെ വിവരം ശേഖരിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തക്ക ഫയലുകളൊന്നും ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടില്ല.

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഇവ തമ്മിലുള്ള ഒരു താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (-)/(+) | വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|
| കെട്ടിട നികുതി | 2000000 | 1288483 | (-)711517 | (-)35.57 |
| തൊഴിൽ നികുതി | 600000 | 567890 | (-)32110 | (-)5.35 |

| | | | | |
|---|---|---|---|---|
| വാടക | ---- | ---- | ---- | ---- |
| ഡി&ഒ | 30000 | 18475 | (-)11525 | (-)38.41 |
| പെർമിറ്റ് ഫീ | 200000 | 79164 | (-)120836 | (-)60.41 |
| ലേലം | 20000 | ----- | (-) 20000 | (-)100 |

പട്ടികയിൽ പറഞ്ഞ താരതമ്യത്തിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ യഥാർത്ഥഡിമാന്റുകളിൽ നിന്നും വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു. മേൽ പറഞ്ഞ എല്ലാ ഇനങ്ങളിലും യഥാർത്ഥഡിമാന്റും ബജറ്റ് നിർദ്ദേശവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബജറ്റിനോടുള്ള സമീപനം ഗൗരവ പൂർണ്ണമല്ലെന്നും ബജറ്റ് പ്രക്രിയ കാര്യക്ഷമമല്ലെന്നും വ്യക്തമാണ്. ഇക്കാര്യം അനന്തരനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 സർക്കാർ ഉത്തരവിനു വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകി-വസ്തുനികുതി ഇളവ് പുനപരിശോധിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.4.15 ലെ ജി.ഒ.(എം.എസ്)144/15ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 660 സ്ക്വയർ ഫീറ്റ് (61m2)വരെ തറവിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.ആയത് ഒരു ഗുണഭോക്താവിന്റെ സ്വന്തം താമസാവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.(ജി.ഒ.എം.എസ്.358/15 ത.സ്വ.ഭ.വ തിയതി.16.12.15)

വരവൂർ ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ പ്രകാരം ഓരോ വാർഡിലും വസ്തുനികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.(ഡെമോളിഷ്ഡ് കെട്ടിടങ്ങൾ ഉൾപ്പെടെ)

| വാർഡ് നം | കെട്ടിടങ്ങളുടെ എണ്ണം | സത്യവാങ്ങ്മൂലം സമർപ്പിച്ചഅപേക്ഷകരുടെ എണ്ണം | ഡിമാന്റ് തുക |
|---|---|---|---|
| 1 | 306 | 59 | 22185 |
| 2 | 186 | 28 | 18288 |
| 3 | 111 | 8 | 17403 |
| 4 | 220 | 42 | 20359 |
| 5 | 210 | 18 | 24268 |

| | | | |
|---|---|---|---|
| 6 | 158 | 34 | 12238 |
| 7 | 238 | 39 | 26447 |
| 8 | 266 | 39 | 17639 |
| 9 | 176 | 14 | 19104 |
| 10 | 269 | 24 | 26061 |
| 11 | 221 | 12 | 23173 |
| 12 | 197 | 49 | 15387 |
| 13 | 290 | 75 | 20528 |
| 14 | 222 | 76 | 24274 |
| | 3070 | 517 | 287354/- |

ഇപ്രകാരം വസ്തുനികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളിൽ ഒരു കെട്ടിട ഉടമയുടെ ഒന്നിലധികം കെട്ടിടങ്ങൾ ഉൾപ്പെടുന്നു.ഉദാ-

എ)ചങ്ങരത്ത് വളപ്പിൽ വീരാൻകുട്ടി മകൻ റസാഖ്-III/44I, III/44J, III/44K

ബി)ടി.വാസുദേവൻ,തടത്തിൽ-VII/203, 205, 206, 207, 209, 210, 211, 215

സി)കൃഷ്ണൻകുട്ടിനായർ,ചങ്ങരത്ത് വളപ്പിൽ-VII/255, 256, 259

സത്യവാങ്ങ്മൂലം സമർപ്പിച്ച അപേക്ഷകരുടെ കെട്ടിടങ്ങളുടെ മാത്രം വസ്തുനികുതി ഒഴിവാക്കി നൽകി മറ്റു കെട്ടിടങ്ങൾ ഡിമാന്റിലുൾപ്പെടുത്തി തനതു വരുമാനത്തിൽ ഉണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-4 തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിച്ചില്ല.

01.08.13ലെ A3-1/2013-14 നമ്പർ പെർമിറ്റ് പ്രകാരം 572.88$M^2$വാണിജ്യകെട്ടിടത്തിന് കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ച ശ്രീ.വിജയകുമാർ,നെട്ടിയംകുന്നത്ത് ,പിലക്കാട് എന്നവരുടെ കെട്ടിടത്തിന് 10/4/15ൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.( കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം)

താഴെ കൊടുക്കുന്നു

38.98$m^2$ വിസ്തീർണ്ണമുള്ള 5ഷോപ്പുകൾ, 44.81$m^2$വിസ്തീർണ്ണമുള്ള ഒരു ഷോപ്പ്,staircase-18.47$m^2$, കോമൺ

ഏരിയ-29.59m$^2$ ഉൾപ്പെടെ ആകെ 287.78m$^2$ ആണ്.എന്നാൽ വസ്തുനികുതി നിർണ്ണയത്തിനായി കണക്കാക്കിയ തറവിസ്തീർണ്ണം താഴെ കൊടുക്കുന്നു.

| കെട്ടിടനം | തറവിസ്തീർണ്ണം |
|---|---|
| V/23A | 38.98M2 |
| V/23B | 38.98M2 |
| V/23C | 38.98M2 |
| V/23D | 38.98M2 |
| V/23E | 38.98M2 |
| V/23F | 44.81M2 |
| | 239.71M2 |

വസ്തുനികുതി നിർണ്ണയത്തിൽ കുറവു വന്ന തുക താഴെ കൊടുക്കുന്നു.

| | |
|---|---|
| വസ്തുനികുതി നിർണ്ണയത്തിൽ ഉൾപ്പെടാത്ത തറവിസ്തീർണ്ണം | 287.78-239.71=48.07M$^2$ |
| വസ്തുനികുതി | 48.07x50=2403.5 |
| വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് 20% | 2403.5x20/100=480.6 |
| മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (തൃതീയം) | 20%=480.6 |
| ആകെ | 2403.5 |
| ലൈബ്രറിസെസ് | 120/- |
| ആകെ | 2403+120=2523/- |

കുറവായി നിർണ്ണയിച്ച വസ്തുനികുതി ഈടാക്കേണ്ടതും ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 2-5 ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2015-16 സാമ്പത്തികവർഷം വസ്തുനികുതി നിർണ്ണയിച്ച (15.1.16)താഴെ പറയുന്ന കെട്ടിടം ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ഈടാക്കിയിട്ടില്ല.

| കെട്ടിട ഉടമ | കെട്ടിടനം | തറവിസ്തീർണ്ണം | തുക |
|---|---|---|---|
| സൈനബ W/o.സെയ്തുമുഹമ്മദ്,കുന്നത്തുപീടികയിൽ | III/305B | 109.61$M^2$ | 548+27 |

മേൽ കെട്ടിടങ്ങൾ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കേണ്ടതുമാണ്.

## 2-6 സർക്കാർ ഉത്തരവിനു വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.4.15ലെ ജി.ഒ.(എം.എസ്)144/15ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 660 സ്ക്വയർ ഫീറ്റ് (61$m^2$)വരെ തറവിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.ആയതിനു വിരുദ്ധമായി സുബൈദ W/Oഉമ്മർ, പാലക്കപറമ്പിൽ എന്നവരുടെ കെട്ടിടത്തിന് 9.6.15ൽ കെട്ടിടനമ്പർ(XIV/220B) നൽകുകയും 62.72$m^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് വസ്തുനികുതി ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കാർ മാർഗ്ഗനിർദേശത്തിനു വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകിയ കെട്ടിടത്തിനെ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വസ്തുനികുതി 313/-രൂപയും, ലൈബ്രറി സെസ് 16/- ഉൾപ്പെടെ 329/ – ഈടാക്കേണ്ടതാണ്.

## 2-7 വിമുക്തഭടൻമാരുടെ വസ്തുനികുതി-അനർഹമായി ഇളവനുദിച്ചു

ജി.ഒ.(എം.എസ്) 242/2013 ത.സ്വ.ഭ.വ തിയ്യതി 02.07.13 പ്രകാരം വിമുക്തഭടൻമാരുടെ തറവിസ്തീർണ്ണം 2000 ചതുരശ്ര അടി താഴെയുള്ള കെട്ടിടങ്ങൾക്കു മാത്രമെ ഇളവിന് അർഹതയുള്ളൂ.ആയതിനു വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിടനം | തറ വിസ്തീർണ്ണം | ഒഴിവാക്കിയ വസ്തുനികുതി |
|---|---|---|---|
| സി.സി .വേണുഗോപാലൻ. ചങ്കരത്ത് | XI/362 | 195$M^2$ (2098 ചതുരശ്ര അടി) | 780 |
| വി.വി.ഉമ്മർ, വലിയപീടികയിൽ | III/202 | 187.55$M^2$ (2018.03ചതുരശ്ര അടി) | 1154 |

| | | | |
|---|---|---|---|
| | | ആകെ | 1934+97<br>(ലൈബ്രറി സെസ്) |

അനർഹമായി അനുവദിച്ച ഇളവ് റദ്ദു ചെയ്ത് വസ്തുനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 2-8 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലയളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം, കെട്ടിട നിർമാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും,FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്.

## 2-9 അനധികൃത കെട്ടിടനിർമ്മാണം-ഫീൽഡ് പരിശോധന നടത്തുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ്കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 137(3) പ്രകാരം ക്രമവത്ക്കരിച്ച വിവരം സെക്രട്ടറി Appendix j form ൽ രജിസ്റ്റർ ചെയ്തു സൂക്ഷിക്കേണ്ടതാണ്.പ്രസ്തുത രജിസ്റ്റർപ്രകാരം . ആകെ 53 കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്.

കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ചുവരുന്നത്. 2011ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014ലെ അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി അനിവാര്യമാണ്. ഇപ്രകാരം ഫീൽഡ് പരിശോധന നടത്തുന്നതിന് യാതൊരു നടപടിയും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-10 തറവിസ്തീർണ്ണത്തിനാനുപാതികമായി റഗുലറൈസേഷൻ ഫീ ഈടാക്കിയില്ല

മൊയ്തുണ്ണി, വാഴമലയിൽ (ഹൗസ്),ചേലൂർ,തളി എന്നവരുടെ കെട്ടിടനമ്പർ I/164A ന്റെ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണവും, വസ്തുനികുതി ഈടാക്കിയ തറവിസ്തീർണ്ണവും 230.22M2 ആണ്.എന്നാൽ റഗുലറൈസേഷൻ ഫീ ഈടാക്കിയത് 147.93 m2 ആണ്.ഈടാക്കിയതിൽ കുറവു വന്ന തുക താഴെ കൊടുക്കുന്നു.

| ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|
| 147.93x3x2=888/- (Rt.No.11504100845/31.8.15) | 230.22x3x3=2072/- | 2072-888=1184/- |

കുറവായി ഈടാക്കിയ റഗുലറൈസേഷൻ ഫീ ഈടാക്കി തനതുഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-11 റഗുലറൈസേഷൻ ഫീ- ചട്ടപ്രകാരം ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134 ഉപചട്ടം 2,3,4 എന്നിവയിൽ ക്രമവത്ക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്ന പോലെയായിരിക്കണമെന്ന വ്യവസ്ഥ ചെയ്യുന്നു. ആയതിന്റെ ക്രമവത്ക്കരിക്കേണ്ട അപേക്ഷയോടൊപ്പം ഒരു പുതിയ കെട്ടിട പെർമിറ്റിനു വേണ്ടിയുള്ള അപേക്ഷയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ്. ഇതിൽ നിന്നും വ്യത്യസ്തമായി പെർമിറ്റ് എടുക്കാതെ പണിത കെട്ടിടഉടമകളിൽ നിന്നും രാജിയാക്കൽഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

| കെട്ടിട ഉടമ | കെട്ടിടനം | തറ വിസ്തീർണ്ണം | ഈടാക്കിയത് | ഈടാ ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| പ്രഭാവതിയമ്മ മുതൽപേർ, ചന്ദനംകുമരത്ത് | V/256A (പാർപ്പിടം) | $140M^2$ | 840 (Rt.No.100903/ 7.9.15) | 1260 | 420 |
| ഗണപതി നായർ,കണ്ണാലത്ത് | VII/39B (പാർപ്പിടം) | 114.48 $M^2$ | 687 (Rt.No.100071/ 10.4.15) | 1030 | 343 |
| സുമതിനായർ, ചെമ്പത് തെക്കേതിൽ | VII/296A (പാർപ്പിടം) | $192.14M^2$ | 1158 (Rt.No .11504100374/ | 1729 | 571 |

| | | | | | |
|---|---|---|---|---|---|
| | | | 16.6.15) | | |
| ജയൻ & ശ്രീജിത, അയ്യപ്പൻകാട്ടിൽ | II/17B (പാർപ്പിടം) | 142M$^2$ | 852 (Rt.No.101152/ 7.10.15) | 1278 | 426 |
| രമണി,തച്ചോത്ത് | I/355A (പാർപ്പിടം) | 117.31M$^2$ | 704 (Rt.No. 11504100326/ 2.6.15) | 1056 | 352 |
| കുഞ്ഞുമൊയ്തു, വളൂത്തറവളപ്പിൽ | I/145A (പാർപ്പിടം) | 209.39M$^2$ | 1260 (Rt.No.102177/ 8.3.16) | 1885 | 625 |
| | | | | | 2737 |

മേൽപ്രകാരം റഗുലറൈസേഷൻ ഫീ ഇനത്തിൽ കുറവായി ഈടാക്കിയ തുക ഈടാക്കേണ്ടതാണ്. 2015-16 സാമ്പത്തികവർഷം റഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങൾ പരിശോധിച്ച് ഈ ഇനത്തിൽ വന്ന നഷ്ടം ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-12 വേക്കൻസി റമിഷൻ മൂലം വസ്തുനികുതി ഇളവ് അനുവദിച്ച കെട്ടിടറൂമുകളിൽ സ്ഥാപനങ്ങൾക്ക് ഡിആന്റ് ഒ ലൈസൻസ് അനുവദിച്ചു

വേക്കൻസി റമിഷൻ രജിസ്റ്റർ പ്രകാരം ശ്രീ.അബൂബക്കർ,പുത്തൻപീടികയിൽ,തളി എന്നവരുടെ IV/96Aമുതൽ IV/96Z വരെയുള്ള 26 റൂമുകളും, IV/AA, IV/AB, IV/AC, IV/AD, IV/AE എന്നീ 5റൂമുകളും ഒഴിഞ്ഞുകിടക്കുന്നതു മൂലം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ Res.No.2(2)/27.4.15, 111(1)/15.1.16 എന്നിവ പ്രകാരം 2015-16സാമ്പത്തിക വർഷത്തിൽ വസ്തുനികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.മേൽപറഞ്ഞ കെട്ടിടങ്ങൾക്ക് 2014-15ലും വസ്തുനികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

എന്നാൽ 2015-16സാമ്പത്തികവർഷം ശ്രീ.അബൂബക്കർ,പുത്തൻപീടികയിൽ,തളി എന്നവർ 10.4.15ലെ കരാർ പ്രകാരം IV/96T, IV/96U എന്നീ റൂമുകൾ ശ്രീ.രാജേഷ് ആലിക്കൽ എന്നവർക്ക് സ്ഥാപനം നടത്താൻ വാടകയ്ക്ക് നൽകുകയും മേൽ സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് 2015-16ൽ ഡി.ആന്റ്.ഒ ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.(ലൈസൻസ് നമ്പർ-63/15-16).

ഇപ്രകാരം കച്ചവടത്തിനായി വാടകയ്ക്ക് നൽകിയ കെട്ടിടങ്ങൾക്ക് അനർഹമായി അനുവദിച്ച വസ്തുനികുതി ഇളവ് റദ്ദ് ചെയ്യേണ്ടതും, ഇളവായി 2015-16ൽ അനുവദിച്ച 878/-( IV/96T-439/-,IV /96U-439/-) രൂപ ഈടാക്കേണ്ടതുമാണ്.

വേക്കൻസി റമിഷൻ അനുവദിച്ച മറ്റ് കെട്ടിടങ്ങൾ പരിശോധനാ വിധേയമാക്കി നിലവിൽ ആയവ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെങ്കിൽ വസ്തുനികുതി ഇളവ് റദ്ദ് ചെയ്യേണ്ടതാണ്.

## **2-13** ഡി.ആന്റ്.ഒ പരാമർശങ്ങൾ

അപേക്ഷകളുടെ പൂർണ്ണത ഉറപ്പ് വരുത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232,233 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരവും ഒന്നാം പട്ടികയിൽപ്പെടുന്ന ഏതെങ്കിലും ആവശ്യങ്ങൾക്ക് ലൈസൻസ് കൂടാതെയും ആയതിലെ നിബന്ധനകൾക്ക് വിധേയമല്ലാതെയും പ്രവർത്തിക്കുവാൻ പാടില്ലെന്ന് പഞ്ചായത്തിനു നിഷ്കർഷിക്കാവുന്നതാണ്. പഞ്ചായത്തിലെ ലൈസൻസുകൾക്കുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകളും പൂർണ്ണമായി പൂരിപ്പിക്കുകയോ സെക്രട്ടറി തീരുമാനം എഴുതുകയോ ചെയ്തിട്ടില്ല.പല അപേക്ഷകളിലും ഒരു ദിവസത്തെ മൊത്തം വിറ്റ് വരവ് രേഖപ്പെടുത്താത്തതുമൂലം ലൈസൻസ് ഫീയുടെ ആധികാരികത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

2)ലൈസൻസ് നൽകുമ്പോൾ ചട്ടങ്ങൾ ഉത്തരവുകൾ പാലിക്കേണ്ടതാണ്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO/KTM/16741/09/09 VCD നമ്പർ സർക്കുലർ പ്രകാരം ബ്രിക്സ് യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്.എന്നാൽ പല യൂണിറ്റുകൾക്കും അനുമതി പത്രം ഇല്ലാതെയാണ് ലൈസൻസ് നൽകിയിട്ടുള്ളത്.ഉദാ-

| അപേക്ഷ നം. | അപേക്ഷകൻ | സ്ഥാപനം |
|---|---|---|
| 10 | കെ എസ് രാമൻ<br>കറുപറമ്പിൽ തളി(പി ഒ),ചേലൂർ | രജീഷ് ഹോളോബ്രിക്സ് |
| 27 | ഇബ്രാഹിം കെ കെ<br>കുന്നത്ത് പീടികയിൽ വീട്,വരവൂർ | ഫബിത |

ചട്ടങ്ങളും ഉത്തരവുകളും പാലിക്കേണ്ടതാണ്.

## 2-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1)താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

സ്ഥാപനനികുതി

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| യോഗക്ഷേമം കുറീസ് | 1 & 2 |
| കെ.എസ്.ഇ.ബി തളി | 1 & 2 |

തൊഴിൽനികുതി

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ബ്രാഞ്ച് പോസ്റ്റ് ഓഫീസ്,തൃശ്ശൂർ | 2 |
| യോഗക്ഷേമം കുറീസ് | 2 |
| കൃഷ്ണ ഫുഡ് പ്രൊഡക്റ്റ്സ് | 1 & 2 |

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ തൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കി തനതുഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-15 തൊഴിൽനികുതി നിർണ്ണയിക്കുന്നതിനായി അർദ്ധവാർഷികവരുമാനം കണക്കാക്കുമ്പോൾ വീട്ടുവാടക ബത്ത ഒഴിവാക്കാവുന്നതാണ്

തൊഴിൽനികുതിയ്ക്കായി അർദ്ധവാർഷികവരുമാനം കണക്കാക്കുമ്പോൾ വീട്ടുവാടക ബത്ത ഒഴിവാക്കാവുന്നതാണ്. ഇത് ഉൾപ്പെടുത്തിയതു മൂലം അടവാക്കിയ തൊഴിൽനികുതിയിൽ വ്യത്യാസം വന്നിട്ടുണ്ട്.

| നോട്ടീസ് നം | സ്ഥാപനം | ജീവന ക്കാരൻ | അർദ്ധ വാർഷിക വരുമാനം | വീട്ടു വാടക ബത്ത | വീട്ടു വാടക ബത്ത ഒഴികെ | അടവാ ക്കേണ്ടി യിരു ന്നത് | അടവാ ക്കി യത് | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 9 | ഗവ. ഐ.ടി.ഐ | അബ്ദുള്ളകുട്ടി. എ.എം(ഒ.എ) | 126974 | 3000 | 123974 | 1000 | 1250 | 250 |
| 10 | എസ്.ബി.ടി വരവൂർ | വിജയൻ.പി.എൻ (എസ്.എൻ.ഒ) | 129824 | 6912 | 122910 | 1000 | 1250 | 250 |
| | എസ്.ബി.ടി വരവൂർ | റീതു നമ്പ്യാർ (എസ്.എൻ.ഒ) | 102405 | 4900 | 97505 | 750 | 1000 | 250 |
| | എസ്.ബി.ടി വരവൂർ | ഭാവന (എസ്.എൻ.ഒ) | 102405 | 4900 | 97505 | 750 | 1000 | 250 |

അർദ്ധവാർഷിക വരുമാനപത്രികകൾ സമർപ്പിക്കുമ്പോൾ ആയവ സൂക്ഷ്മപരിശോധന നടത്തി ചട്ടപ്രകാരം ഈടാക്കേണ്ട നികുതി മാത്രം ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## **2-16** തൊഴിൽനികുതി-തനതുവരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിൽ 35 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കുള്ള വസ്തു നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.ഈ സ്ഥാപനങ്ങൾക്ക് 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 10,13 വകുപ്പ് 205(ബി) മുതൽ 205(എഫ്) വരെ എന്നിവ പ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതാണ്.ഈ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽനികുതി അടക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുള്ള സ്ഥാപനങ്ങളെ ഡിമാന്റ് രജിസ്റ്ററിലും ട്രേഡേഴ്സ് ലിസ്റ്റിലും ചേർത്ത് ഇവ കാലികമായി സൂക്ഷിക്കേണ്ടതാണ്.

## 2-17 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ്.

2015-16 സാമ്പത്തിക വർഷം ഫാമുകളുടെ നടത്തിപ്പിനായി വസ്തുനികുതി നിർണ്ണയിച്ചതും, പെർമിറ്റ് അനുവദിച്ചതുമായ കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| അപേക്ഷകൻ/അപേക്ഷക | ഫാം | കുറിപ്പുകൾ |
|---|---|---|
| സഫീന അലിയാർ<br>w/o അലിയാർ,കേട്ടാരത്ത് വളപ്പിൽ,കൊക്കുർ | കോഴി ഫാം<br>(147.14M2) | 6.10.15ൽ വസ്തുനികുതി നിരണ്ണയം നടത്തി |
| ഷഫീഖ് s/o കമറുദ്ദീൻ<br>കുന്നത്ത് വളപ്പിൽ<br>പെരുമണ്ണൂർ,ചാലിശ്ശേരി | കന്നുകാലി ഫാം<br>(296.01M2) | 13.11.15ലെ A8-37/15-16 പ്രകാരം പെർമിറ്റ് അനുവദിച്ചു |
| അനിൽകുമാർ,ചേറ്റൂത്തി വീട്<br>കുമരപ്പിനാൽ | കന്നുകാലി ഫാം<br>(286.33M2) | 1.11.15ലെ A8-48/15-16 പ്രകാരം പെർമിറ്റ് അനുവദിച്ചു |

വസ്തുനികുതി നിർണ്ണയം പൂർത്തിയായ ഫാം നിലവിൽ പ്രവർത്തനസജ്ജമാണെങ്കിൽ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ -2012) പ്രകാരം ലൈസൻസ് അനുവദിക്കേണ്ടതും, മറ്റു കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയവയ്ക്കും ലൈസൻസ് അനുവദിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നത് നിർത്തലാക്കേണ്ടതാണ്.

## 2-18 ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല

2015-16 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ പഞ്ചായത്തിന് ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ / പേര് | അടങ്കൽ തുക (₹) | ടെണ്ടർ ഫോം വില (VAT ഉൾപ്പെടെ) ₹ | ഇ ടെണ്ടറിൽ പങ്കെടുത്തവരുടെ എണ്ണം | ആകെ ടെണ്ടർ ഫോമിന്റെ വില ₹ |
|---|---|---|---|---|---|
| 1 | 56/16<br>നടുവട്ടം തളി റോഡ് റീടാറിംഗ് | 623000 | 1365 | 3 | 4095 |
| 2 | 69/16<br>ഞെട്ടുകണ്ണി കോളനി റോഡ് റീടാറിംഗ് | 851000 | 1890 | 6 | 11340 |
| 3 | 51/16<br>അടാട്ടുകുന്ന് കോളനി റോഡ് | 751000 | 1680 | 5 | 8400 |
| 4 | 109/16<br>പി.എച്ച്.സി. ലാബ് നിർമ്മാണം | 798000 | 1680 | 3 | 5040 |
| 5 | 64/16<br>അത്തിക്കുന്ന് കോളനി റോഡ് മെററലിംഗ്, ടാറിംഗ് | 721000 | 1575 | 5 | 7875 |
| 6 | 42/16<br>കാഞ്ഞിരത്താനി റോഡ് റീടാറിംഗ് | 572000 | 1260 | 3 | 3780 |

| | | | | | |
|---|---|---|---|---|---|
| 7 | 40/16<br>പാലക്കൽ അമ്പലം റോഡ് റീടാറിംഗ് | 737000 | 1575 | 1 | 1575 |
| 8 | 40/16<br>പാലക്കൽ അമ്പലം റോഡ് റീടാറിംഗ്(റീടെണ്ടർ) | 737000 | 1575 | 4 | 6300 |
| 9 | 47/16<br>കാർളിമുക്ക് മദ്രസ്സ റോഡ് റീടാറിംഗ് | 628000 | 1365 | 6 | 8190 |
| 10 | 60/16<br>രാമൻചിറ കോട്ടപ്പുറം റോഡ് | 629000 | 1365 | 4 | 5460 |
| ആകെ | | | | | 62055 |

പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക(വാറ്റ് ഒഴികെ) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി -ലഭ്യമായ ഫണ്ട് മുഴുവനും ചെലവഴിക്കാനായില്ല

2015-16 വർഷത്തിൽ ലഭ്യമായ ഫണ്ടിന്റേയും നടത്തിയ ചെലവിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട് ജനറൽ | 10173225 | 7544903 | 74.16 |
| 2 | എസ് സി പി | 8017820 | 8017820 | 100 |
| 3 | ധനകാര്യകമ്മീഷൻ | 4815984 | 3357140 | 69.70 |

| | | | | |
|---|---|---|---|---|
| | ഗ്രാന്റ് | | | |
| 4 | ലോകബാങ്ക് | 2571834 | 2565802 | 99.76 |
| 5 | ടി എസ് പി | 4000 | 0 | പിൻവലി ച്ചിട്ടില്ല |
| 6 | കേന്ദ്രസഹായം | 500000 | 15376 | 3.07 |
| 7 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 1761501 | 1213804 | 68.9 |
| 8 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10520402 | 9046230 | 85.98 |
| 9 | തനത് ഫണ്ട് | 557870 | 443446 | 79.48 |
| 10 | ബ്ലോക്ക് വിഹിതം | 355000 | 75000 (ചെലവ് പത്രികയിൽ ചേർത്തിട്ടില്ല) | 21.12 |
| 11 | ജില്ലാപഞ്ചായത്ത് വിഹിതം | 150000 | 75000 | 50 |
| 12 | സംസ്ഥാനാവിഷ്കൃതം | 250000 | ----- | 0 |

ലോകബാങ്ക് ധനസഹായം ഏകദേശം 100% ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. വികസനഫണ്ട് ജനറൽ 74.16%വും റോഡ് സംരക്ഷണഗ്രാന്റ് 85.98%വും റോഡിതരസംരക്ഷണഗ്രാന്റ് 68.5%വും ചെലവഴിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് വളരെ കുറവാണ്. ഫണ്ടുകൾ ചെലവഴിക്കുന്നതിൽ പഞ്ചായത്ത് പൂർണ്ണമായി വിജയിച്ചിട്ടില്ല. ലഭ്യമായ ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

## 3-2 ഇ ടെണ്ടർ പഞ്ചായത്തിന് ലാഭകരം

2015-16 കാലഘട്ടത്തിൽ അഞ്ച് ലക്ഷത്തിനുമുകളിൽ എസ്റ്റിമേറ്റുള്ള താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തുകയുണ്ടായി. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ /പേര് | അടങ്കൽ തുക (₹) | ടെണ്ടർ നിരക്ക് | ലഭിച്ച/ലഭിക്കാവുന്ന ലാഭം (₹) |
|---|---|---|---|---|
| 1. | 56/16<br>നടുവട്ടം തളി റോഡ് റീടാറിംഗ് | 623000 | 25% കുറവ് | 155585<br>(പ്രവൃത്തിമൂല്യം-622338 ) |
| 2 | 69/16<br>ഞെട്ടുകണ്ണി കോളനി റോഡ് റീടാറിംഗ് | 851000 | 25% കുറവ് | 212594<br>(പ്രവൃത്തിമൂല്യം-850376) |
| 3 | 51/16<br>അടാട്ടുകുന്ന് കോളനി റോഡ് | 751000 | 25% കുറവ് | 187522<br>(പ്രവൃത്തിമൂല്യം-750089) |
| 4 | 109/16<br>പി.എച്ച്.സി. ലാബ് നിർമ്മാണം | 798000 | 9.97% കുറവ് | 73109<br>(പ്രവൃത്തിമൂല്യം,ഒന്നാം പാർട്ട് ബിൽ-733287) |
| 5 | 64/16<br>അത്തിക്കുന്ന് കോളനി റോഡ് മെററലിംഗ്, ടാറിംഗ് | 721000 | 18.01% കുറവ് | 129597<br>(പ്രവൃത്തി<br>മൂല്യം-719585) |
| 6 | 42/16 | 572000 | 25% കുറവ് | 142845 |

| | | | | |
|---|---|---|---|---|
| | കാഞ്ഞിരത്താനി റോഡ് റീടാറിംഗ് | | | (പ്രവൃത്തി മൂല്യം-571380) |
| 7 | 40/16 പാലക്കൽ അമ്പലം റോഡ് റീടാറിംഗ് | 737000 | 25% കുറവ് | 184090 (പ്രവൃത്തിമൂല്യം-736361) |
| 8. | 47/16 കാർളിമുക്ക് മദ്രസ്സ റോഡ് റീടാറിംഗ് | 628000 | 25% കുറവ് | 156836 (പ്രവൃത്തിമൂല്യം-627344) |
| 9 | 60/16 രാമൻചിറ കോട്ടപ്പുറം റോഡ് | 629000 | 25% കുറവ് | 157066 (പ്രവൃത്തിമൂല്യം-628262) |
| ആകെ | | | | 1399244 |

മേൽ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുതുവഴി 1399244രൂപയോളം പഞ്ചായത്തിന് ലാഭമുണ്ടാകും. തൻവർഷം അംഗീകാരം ലഭിച്ച 83 പ്രൊജക്ടുകളിൽ 9 പ്രവൃത്തികൾ മാത്രമാണ് ഇ-ടെണ്ടർ ചെയ്യുത്. ഭൂരിഭാഗം പ്രവൃത്തികളും 5 ലക്ഷത്തിൽ താഴെ അടങ്കൽ നിശ്ചയിച്ചിട്ടുള്ളവയാണ്. ചെറിയ പ്രവൃത്തികളായി വിഭജിക്കുന്നത് മൂലം പ്രവൃത്തികളുടെ എണ്ണം വർദ്ധിക്കുകയും നിർവ്വഹണത്തിൽ ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു. ആയതിനാൽ കൂടുതൽ തുക വകയിരുത്തിക്കൊണ്ട് പരമാവധി പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യത്തിന് ഉത്തമമായിരിക്കും.

## 3-3 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയതിന്റെ രേഖകൾ ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ 199878 രൂപ ഈടാക്കിയിരുന്നു. അതിൽ 179519/- രൂപ കെട്ടിടതൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ 20359/- രൂപക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റുകൾ ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു. അടവാക്കിയ തുക കൈപ്പറ്റിയതിന് ക്ഷേമനിധിബോർഡിന്റെ രശീതിയും ലഭ്യമായിട്ടില്ല.

20359 രൂപക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റുകൾ ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. മാത്രമല്ല ക്ഷേമനിധിബോർഡിൽ നിന്നും കൈപ്പറ്റ് രശീതി

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ട്രഷറി ബിൽ നമ്പർ/തിയതി | പ്രവൃത്തിയുടെ പേര് | ഈടാക്കിയ തുക₹ |
|---|---|---|
| 67/31.3.15 | ദേവിച്ചിറ റോഡ് മുതൽ രാജിപടി റോഡ് വരെ ടാറിംഗ് | 2523 |
| 1/29.6.15 | പൊറ്റക്കാളക്കുന്ന് കുടിവെള്ളപദ്ധതി | 4053 |
| 3/13.7.15 | വെട്ടിക്കാട് കോളനി റോഡ് മെറ്റലിംഗ്, ടാറിംഗ് | 481 |
| ചെക്ക് നമ്പർ0440203/1.7.15 | ദേവിച്ചിറ റോഡ് മുതൽ രാജിപടി റോഡ് വരെ ടാറിംഗ് | 898 |
| 4/18.10.15 | ഒലിച്ചി റോഡ് മെറ്റലിംഗ്,ടാറിംഗ് | 1144 |
| 5/30.12.15 | വിരുട്ടാനം കൈത ഇടവഴി മെറ്റലിംഗ് | 2541 |
| 8/30.12.15 | വൃദ്ധസദനം റോഡ് | 1344 |
| 11/21.12.15 | കള്ളിവളപ്പിൽപടി റോഡ് നിർമ്മാണം | 1363 |
| 14/31.12.15 | കുന്നൻ കാടൻ കോളനി റോഡ് കോൺക്രീറ്റിംഗ് | 1027 |
| 12/31.12.15 | ഉമരക്കുന്ന്കോളനി റോഡ് | 3305 |
| 16/31.12.15 | കക്കാട്ടുകുന്ന് കോളനി റോഡ്കോൺക്രീറ്റിംഗ് | 1680 |
| ആകെ | | 20359 |

## 3-4 ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി

നിർവ്വഹണഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ടിന്റെ പേര് : വിരുട്ടാണം കൈത ഇടവഴി റോഡ് മെറ്റലിംഗ്

പ്രൊജക്ട് നമ്പർ : എസ്.61/16

അടങ്കൽ : ₹.256000 (റോഡ് സംരക്ഷണഗ്രാന്റ്)

സാങ്കേതികാനുമതി : 176/AEE/WKY/18.6.15; ₹256000

കരാറുകാരൻ : ശ്രീ.പി.എം.കമ്മുട്ടി(1%കുറവ്)

കരാർ : 8/20.8.15

ചെലവഴിച്ച തുക : ട്രഷറി ബിൽ നമ്പർ 5/30.12.15;₹254098
അളവുപുസ്തകം : 1/15-16

വിരുട്ടാണം കൈത ഇടവഴി റോഡിന്റെ 393 മീറ്റർ നീളം 2.60 മീറ്റർ വീതിയിൽ മെറ്റലിംഗ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതനുസരിച്ച് 77എം3 അളവ്, 53എം.എം മുതൽ 22.4 എം.എം വരെ വലിപ്പത്തിലുള്ള മെറ്റൽ പാകിയിട്ടുണ്ട്. എന്നാൽ ടാറിംഗിന് തുക വകയിരുത്തിയിട്ടില്ല. തന്മൂലം പൊതുജനങ്ങൾക്ക് ഈ പ്രവൃത്തികൊണ്ട് പ്രയോജനമൊന്നും ലഭിക്കുന്നില്ല. മാത്രമല്ല ടാറിംഗ് വൈകിയാൽ സെക്കന്റ് മെറ്റലിംഗ് തകരാൻ ഇടവരികയും അത് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരുത്തിവെക്കുകയും ചെയ്യും. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും കൂടുതൽ സൂക്ഷ്മതയും വിവേകവും പുലർത്തേണ്ടതാണെന്ന് മേൽ പ്രവൃത്തി തെളിയിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 റോഡ് പ്രവൃത്തികളിൽ ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ ഉപയോഗിച്ചു

താഴെ പറയുന്ന റോഡ് പ്രവൃത്തികളിൽ ഒബ്സർവ്വഡ് ഡാറ്റാ ഇനം 5 ആയ Filling with contractor's own earth (excluding rock) in trenches, plinth, sides of foundations etc. in layers not exceeding 20 c.m in depth, consolidating each deposited layer by ramming and watering, lead up to 50 m and lift up to 1.5 m as per direction of site Engineer-in-charge എന്ന ഇനം ഉപയോഗിച്ചിട്ടുണ്ട്. കരാറുകാരുടെ ലാഭവിഹിതം, ഓവർഹെഡ് ചാർജ്ജ്, കോസ്റ്റ് ഇൻഡക്സ്(1.3143) എന്നിവയുൾപ്പെടെ 396.73/എം3 എന്ന നിരക്കാണ് ഇതിനായി നൽകിയിരിക്കുന്നത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും നിർവ്വഹിച്ചതുമായ പ്രവൃത്തിയാകട്ടെ 3 മീറ്ററോളം വീതിയിലുള്ള ഫില്ലിംഗ് പ്രവൃത്തിയാണ്. ഇതിന് ഒബ്സർവ്വഡ് ഡാറ്റാ ഇനം 6 ആയFilling with contractor's own earth (excluding rock) in open areas in layers not exceeding 20 cm in depth, consolidating each deposited layer by ramming and watering, lead up to 50 m and lift up to 1.5 m as per direction of site Engineer-in- charge എന്ന ഇനം മതിയാകുമായിരുന്നു. ഇതിന് കരാറുകാരുടെ ലാഭവിഹിതം,ഓവർഹെഡ് ചാർജ്ജ്,കോസ്റ്റ് ഇൻഡക്സ്(1.3143) എന്നിവയുൾപ്പെടെ 265.11/എം3 എന്ന നിരക്കാണുള്ളത്. 3 മീറ്ററോളം വീതിയിലുള്ള ഫില്ലിംഗിന് ട്രെഞ്ച് ഫില്ലിംഗിനും മറ്റും നൽകുന്ന നിരക്ക് നൽകിയതെന്താണെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് /ചെലവഴിച്ച തുക | അളവു പുസ്തകം നമ്പർ/അളവ് | ഒബ്സർവ്വഡ് ഡാറ്റാ ഇനം 5 പ്രകാരം ചെലവഴിച്ച തുക₹ | ഒബ്സർവ്വഡ് ഡാറ്റാ ഇനം 6 പ്രകാരം ചെലവഴിക്കാവുന്ന തുക₹ | അധികം നൽകിയത്₹ |
|---|---|---|---|---|
| എസ്. 23/16 , പലകച്ചിറ റോഡ് നിർമ്മാണം, ട്രഷറി ബിൽ നമ്പർ 41/27.2.16;₹493966 | 32/15-16, 2.70 m3, വീതി - 3 മീറ്റർ | 2.70m3x396.73= 1071.17 | 2.70m3x265.11= 715.79 | 355.38 |

| | | | | |
|---|---|---|---|---|
| എസ്. 53/16 , 1017 കോളനി റോഡ് കോൺക്രീറ്റിംഗ്, ട്രഷറി ബിൽ നമ്പർ 54/11.3.16;₹399629 | 46/15-16, 84 m3, വീതി - 2.5-2.6 മീറ്റർ | 84m3x396.73= 33325.32 | 84m3x265.11= 22269.24 | 11056.08 |
| എസ്. 50/16 , തുമാരക്കുന്ന് കോളനി റോഡ് , ട്രഷറി ബിൽ നമ്പർ 12/ 30.12.15; ₹330461 | 15/15-16, 21.14 m3, വീതി - 2.8 മീറ്റർ | 21.14m3x396.73= 8386.87 | 21.14m3x265.11= 5604.42 | 2782.45 |
| ആകെ | | | | 14193.91 |

ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ ഉപയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/6.12.16 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ 14194 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 സ്ഥലപരിശോധനയിൽ കാണപ്പെട്ട അപാകതകൾ

2015-16 ൽ നിർവ്വഹണ നടത്തിയ പി.എച്ച്.സി. ലാബ് നിർമ്മാണം(പ്രൊജക്ട് നമ്പർ:109/16)എന്ന പ്രവൃത്തിയുടെ സ്ഥലപരിശോധന7.12.16 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പ്രവൃത്തിയുടെ വിശദാംശങ്ങൾ, കാണപ്പെട്ട അപാകതകൾ എന്നിവ ചുവടെചേർക്കുന്നു.

അടങ്കൽ : ₹798000 (വികസനഫണ്ട് പൊതുവിഭാഗം)

സാങ്കേതികാനുമതി : 325/AEE/WKY/28.7.15; ₹798000

കരാറുകാരൻ : ശ്രീ.ഷീജോമോൻ മാത്യു(9.97%കുറവ്)

കരാർ : 46/25.1.16

ചെലവഴിച്ച തുക(ഒന്നാം പാർട്ട് ബിൽ) :ട്രഷറി ബിൽ നമ്പർ 86/31.3.16;₹594160
അളവുപുസ്തകം : 75/15-16,76/15-16,77/15-16

ഈ പ്രവൃത്തിയുടെ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള പ്രവൃത്തികളെല്ലാം നിർവ്വഹിച്ചതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. എസ്റ്റിമേറ്റിലെ 37 ാമത്തെ ഇനം Providing and laying vitrified floor tiles in different sizes......etc. (600mmx600mm) എന്നതായിരുന്നു. DAR ഇനം 11.41.2 പ്രകാരം കോസ്റ്റ് ഇൻഡക്സ് (1.3143) അടക്കം $m^2$ ന് 1847.84 രൂപയാണ് ഇതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിരക്ക്. അളവുപുസ്തകപ്രകാരം $31.70m^2$ വിട്രിഫൈഡ് ടൈൽ പാകിയതിന് 58576.53 രൂപ കണക്കാക്കിയിട്ടുണ്ട്. അളവുപുസ്തകം നമ്പർ 76/15-16 ലെ പേജ് 30 ൽ $2.25m^2$ വിസ്തീർണ്ണത്തിൽ ടോയ്‌ലെറ്റ് വിട്രിഫൈഡ് പാകിയതും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ സ്ഥലപരിശോധനയിൽ ടോയ്‌ലെറ്റ് സെറാമിക്ക് ടൈൽ പാകിയതായാണ് കാണുവാൻ കഴിഞ്ഞത്. നിലം സെറാമിക്ക് ടൈൽ പാകുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. $2.25m^2$ വിട്രിഫൈഡ് ടൈൽ പാകിയതായി അളവിൽ കാണിച്ച് അധികം നൽകിയ 4157.64രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2. എസ്റ്റിമേറ്റിലെ 44ാമത്തെ ഇനം providing and fixing pvc pipes including jointing of pipes ........110mm dia $4kgf/cm^2$ എന്ന ഒബ്സർവ്വ്ഡ് ഡാറ്റാ ഇനം 152 ആയിരുന്നു. എസ്റ്റിമേറ്റിലെ 48ാമത്തെ ഇനം supplying and fixing 110mm pvc $4kgf/cm^2$ pipe to collect rain water എന്ന ഒബ്സർവ്വ്ഡ് ഡാറ്റാ ഇനം 267 ആയിരുന്നു. അളവുപുസ്തകം 77/15-16 പ്രകാരം ഇനം 44 ചെയ്തതിന് (4.30m@353.06/m )1518.16 രൂപയും ഇനം 48 ചെയ്തതിന് (4.30m@419.73/m )1804.84 രൂപയും ചെലവഴിച്ചിട്ടുണ്ട്. സ്ഥലപരിശോധനയിൽ ഇനം 44 മാത്രം ചെയ്തതായാണ് കാണപ്പെട്ടത്. ഇനം 48 ഇരട്ടിപ്പ് സംഭവിച്ചതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഇനം 48 ന് നൽകിയ 1804.84 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. എസ്റ്റിമേറ്റിലെ 43 ാമത്തെ ഇനം supplying and fixing Health faucet good quality including cost of materials,labour charges etc. എന്ന ഒബ്സർവ്വ്ഡ് ഡാറ്റാ ഇനം 102 ആയിരുന്നു. അളവുപുസ്തകമനുസരിച്ച് ഇപ്രകാരം Health faucet സ്ഥാപിച്ചതിന് 840.60 രൂപ (840.60/1no.)നൽകിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ പ്ലാസ്റ്റിക്ക് നിർമ്മിതമായ Health faucet സ്ഥാപിച്ചതായാണ് കാണുവാൻ കഴിഞ്ഞത്. ഒബ്സർവ്വ്ഡ് ഡാറ്റാ തയ്യാറാക്കുമ്പോൾ Health faucet ന് 720 രൂപ എന്ന വിപണി വിലയാണ് സ്വീകരിച്ചിരുന്നത്. ഈ സാഹചര്യത്തിൽ സ്ഥാപിച്ച Health faucet ന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും നൽകിയ തുകയുടെ മൂല്യത്തിനൊത്ത Health faucet സ്ഥാപിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-7 കാർഷിക കർമ്മസേന-പരിശീലനം പൂർത്തീകരിച്ച കർഷകർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്റ്റ്,നം S. 6/16,സമഗ്ര നെൽകൃഷി വികസനം

ട്രഷറി ബിൽ നം. 5/25.2.16

തുക 51000/-

ഗ്രാമപഞ്ചായത്ത് അസോസിയേഷനും, കൃഷിവകുപ്പും ,കിലയും സംയുക്തമായി ജൈവകീട നിയന്ത്രണം, ജൈവവളനിർമ്മാണം,വിവിധ കാർഷികോപകരണങ്ങളുടെ പരിശീലനം എന്നീ വിഷയങ്ങളിൽ വിദഗ്ധരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച താണ് കാർഷിക കർമ്മസേന.വരവൂർ ഗ്രാമപഞ്ചായത്ത് കാർഷിക കർമ്മസേന 22/4/15ൽ TSR/TC/203/15നമ്പറായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കാർഷിക കർമ്മസേനയിലെ 17അംഗങ്ങൾക്കുള്ള പരിശീലനം 4/8/15മുതൽ തുടർച്ചയായി 14ദിവസം ഗ്രാമപഞ്ചായത്തിൽ നടത്തുകയും ആയതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുമുണ്ട്.

| ഇനം | തിയതി | തുക |
|---|---|---|
| നോട്ടീസ് | 30.7.15 | 1450 |
| മൈക്ക് & സ്റ്റേജ് | 4.8.15 | 3500 |
| ഫോട്ടോ | 25.8.15 | 2000 |
| ഡീസൽ | 12.8.15 | 981 |
| പരിശീലന സാമഗ്രികൾ വാങ്ങിയതിന് | വിവിധ തീയതികൾ | 7839 |
| ഹോണറേറിയം | 4/8/15 മുതൽ 21/8/15 വരെ | 17000 |
| റിഫ്രഷ് മെന്റ് | 4/8/15 മുതൽ 21/8/15 വരെ | 34000 |
| | | 66770 |

മേൽപ്രകാരം പ്ലാൻഫണ്ടിൽ നിന്നും 51000/-രൂപ ഈയിനത്തിൽ ചെലവഴിച്ച എങ്കിലും പരിശീലനം പൂർത്തീകരിച്ച17 അംഗങ്ങൾക്കും നാളിതുവരെ പരിശീലനം ലഭിച്ച മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന്

ഗ്രാമപഞ്ചായത്തിനോ, കൃഷിവകുപ്പിനോ സാധിച്ചിട്ടില്ല.കാർഷിക കർമ്മസേനയുടെ പ്രവർത്തനം പരിശീലനം ലഭിച്ചതിൽ മാത്രം ഒതുങ്ങി നിന്നതായി കാണുന്നു.കൃഷി വകുപ്പ് മുഖേന ലഭിക്കേണ്ട കാർഷികോപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കർമ്മ സേന രൂപീകരിച്ചതിന്റെ ലക്ഷ്യം പൂർത്തീകരിക്കേണ്ടതുമാണ്.

## 3-8 നെൽകൃഷിക്ക് കൂലിച്ചെലവ് സബിസിഡി-സംയുക്ത പ്രൊജക്ടിന്റെ സാധ്യത പരിശോധിച്ചില്ല

2015-16 സാമ്പത്തിക വർഷം കൃഷി ഓഫിസർ നിർവ്വഹണം നടത്തിയ നെൽകൃഷിക്ക് കൂലിച്ചെലവ് സബിസിഡി പ്രൊജക്ടിൽ കർഷകർക്ക് ഹെക്ടറിന് 3000/--രൂപ നിരക്കിൽ സ്ഥലവിസ്തൃതി അനുസരിച്ച് സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013ത.സ്വ.ഭ.വ തിയതി.16.11.13 പ്രകാരം നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി നാമമാത്ര ചെറുകിട കർഷകർക്ക് ഹെക്ടറിന് പരമാവധി 6000/-രൂപ വരെ അനുവദിക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ 60:15:25 അനുപാതത്തിൽ തുക വകയിരുത്തേണ്ടതും നിർവ്വഹണം ഗ്രാമപഞ്ചായത്തിനും ആയിരിക്കും എന്നും നിഷ്കർഷിച്ചിരിക്കുന്നു.

സംയുക്ത പ്രൊജക്ടായി പദ്ധതി നടപ്പാക്കിയിരുന്നുവെങ്കിൽ കർഷകർക്ക് അർഹമായ ധനസഹായം മുഴുവനും ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുമായിരുന്നു.ഭരണസമിതിയുടെ ശ്രദ്ധ ഈ

വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-9 നെൽകൃഷിക്ക് കൂലിച്ചെലവ്, കവുങ്ങിന് മഹാളിമരുന്ന്- അനർഹർക്ക് സബ്സിഡി തുക അനുവദിച്ചു

2015-16സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ സമഗ്ര നെൽകൃഷി വികസനം (പ്രൊജക്ട് നം.6/16),കവുങ്ങിന് മഹാളിമരുന്ന് വിതരണം(പ്രൊജക്ട് നം-5/16) എന്നിവയിലെ ഗുണഭോക്താക്കൾക്ക് കൈവശത്തിലുള്ള ഭൂമിയുടെ വിസ്തൃതി യുടെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്.

ജി.ഒ(എം.എസ്) 362/13ത.സ്വ.ഭ.വ തിയതി.16.11.13പ്രകാരം സബ്സിഡികൾ നാമമാത്ര ചെറുകിട കർഷകർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.എന്നാൽ താഴെ പറയുന്ന കർഷകർ ഈ വിഭാഗത്തിൽ ഉൾപ്പെടാത്തവർ ആയിട്ടും മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണ ഭോക്താവ് | സർവ്വേ | വിസ്തീർണ്ണം | നെൽകൃഷിക്ക് അനുവദിച്ച സബ്സിഡി | മഹാളി മരുന്നിന് അനുവദിച്ച സബ്സിഡി |
|---|---|---|---|---|---|
| 1 | ദിലീപ്.എം.ഡി മങ്ങാട്ടുഞ്ഞാലിൽ | 361/13& 362/3 | 2HA.38.62ആർ 52.70ആർ | 6000/- (a/c No 67298096807) | 1120/- |
| 02 | അച്യുതൻ, ആവശ്ശേരി | 131/2,123/8, 171/1,171 /13,134/6 | 123/8-2HA. 40.4ആർ 134/6-0.1740 ആർ | 4200/- (a/c No. 57065404042) | 1344/- |
| | | | | 10200/- | 2464/- |

മേൽപ്പറഞ്ഞ പ്രകാരം അനർഹർക്ക് അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതും,മറ്റു ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനാവിധേയമാക്കി അനർഹർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 20വർഷത്തെ വികേന്ദ്രീകൃത പ്രവർത്തനങ്ങളുടെ

## ഡോക്യുമെന്റേഷൻ-പ്രൊജക്ട് പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം -സെക്രട്ടറി

പ്രൊജക്ട് -S125/16

അടങ്കൽ -110000/-(തനതുഫണ്ട്)

ചെലവ് -20000/-

തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പിന്റെ സ.ഉ.സാധ)നം.2133/2015/ത.സ്വ.ഭ.വ.തിയതി. 14.7.15 പ്രകാരം 20വർഷത്തെ വികേന്ദ്രീകൃത പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ എന്ന പ്രൊജക്ടിന് 1,10000/-രൂപ പ്ലാൻ/തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയിരുന്നു.ആയതിൽ താഴെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരുന്നത്.

| ഇനം | വകയിരുത്തൽ |
|---|---|
| യോഗങ്ങൾ,ശില്പശാലകൾ | 5000 |
| ഹോണറേറിയം | 20000 |
| പ്രിന്റിംഗ് ചെലവ് | 40000 |
| സെമിനാർ | 20000 |
| കിലയിൽ ആർക്കൈവ്സ് നിർമ്മിക്കുന്നതിന് | 25000 |
| | 110000/- |

ആയതിൽ വികേന്ദ്രീകൃത പ്രവർത്തനങ്ങളുടെ ഡാറ്റാഎൻട്രി നടത്തിയതിന് 20000/-രൂപ ഹോണറേറിയം ഇനത്തിൽ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നം. 2525/30.10.2015 , 10000 (ശ്രീമതി. ബിന്ദു) & 2526/30. 10.2015, 10000 (ശ്രീമതി വിജയ) രൂപ ഡാററാ എൻട്രി നടത്തി തയ്യാറാക്കിയ പ്രൊജക്ട് അംഗീകാരത്തിനായി കിലയ്ക്ക് കൈമാറിയെങ്കിലും നാളിതുവരെ ആയത് അംഗീകരിച്ച് നൽകിയിട്ടില്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രൊജക്ട് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 ആദായനികുതി ഈടാക്കിയിട്ടില്ല

1961ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 194(c)പ്രകാരം കരാറടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ഏതൊരു ചെലവിനും കരാറുകാരിൽ നിന്ന് 1%ആദായനികുതി ഈടാക്കേണ്ടതാണ്.കരാറുകാരന് പാൻ നമ്പർ ഇല്ലെങ്കിൽ 20% വും ഈടാക്കേണ്ടതാണ്.എന്നാൽ തെരുവ് വിളക്ക് റിപ്പയർ കരാറടിസ്ഥാനത്തിൽ ഏറ്റെടുത്ത താഴെ പറയുന്ന കരാറുകാരനിൽനിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

| പ്രൊജക്ട് | പ്രൊജക്ട് | കരാറുകാരൻ | കൈപ്പറ്റിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 114/16 | തെരുവു വിളക്ക് റിപ്പയർ | പി.ജഷി,<br>പള്ളിക്കര | ഡിഡി,നം-983910/4.9.15-1,75000 |
| " | " | " | ഡിഡി നം-210844/15.3.16-100000 |
| | | ആകെ | 275000/- |

ആദായ നികുതി ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 മീഡിയാശ്രീ- പദ്ധതി പണം കൈമാറി-ഡോക്യുമെന്ററിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായില്ല

നിർവ്വഹണം- സെക്രട്ടറി

ട്രഷറി ബിൽ നം- 4/28.7.15

ചെലവുതുക- 65000/-

സ.ഉ.(സാധാ)3206/2016/ത.സ്വ.ഭ.വ തിയതി.15.12.14 പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും,വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്ക് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മീഡിയാശ്രീ പദ്ധതിക്കായി പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഡിഡി നം.983148/31.7.15 പ്രകാരം 65000/-രൂപ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർയ്ക്ക് നൽകിയിട്ടുണ്ട്.കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുമായുള്ള കരാർ ഉടമ്പടി പ്രകാരം കരാർതീയതി മുതൽ 60ദിവസത്തിനകം ഡോക്യുമെന്ററി തയ്യാറാക്കി നൽകേണ്ടതാണ്. അനുവദിച്ച തുക പ്രസ്തുത ആവശ്യത്തിന് വിനിയോഗിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 65000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 ഐ.എ.വൈ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തികവർഷം ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധികവിഹിതം ഇനത്തിൽ താഴെ പറയും പ്രകാരം തുകകൾ ബ്ലോക്ക് പഞ്ചായത്ത്,വടക്കാഞ്ചേരിക്ക് കൈമാറിയിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | നിർവ്വഹണോ ദ്യോഗസ്ഥൻ | ഡിഡിനം | തുക |
|---|---|---|---|---|
| 1 | 150/16(ഐ.എ.വൈ. എസ്.സി) | .സെക്രട്ടറി | 212287/2.4.16 | 15,29,385/- |

| | | | | |
|---|---|---|---|---|
| 2 | 149/16 (ഐ.എ.വൈ.ജനറൽ) | സെക്രട്ടറി | 212268/18.4.16 | 15,90000/- |
| 3 | /16(ഐ.എ.വൈ .എസ്.സി) | അസി.സെക്രട്ടറി | 983580/20.4.16 | 4,40000/- |
| ആകെ | | | | 3559385/- |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-14 ആശ്രയ-ലഭ്യമായ വിഹിതം വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല

2015-16സാമ്പത്തിക വർഷം ആശ്രയ പദ്ധതിക്ക് ഡിഡി.നം.982174/17.7.15 പ്രകാരം 2,80000/-രൂപ ബ്ലോക്ക് വിഹിതമായി ലഭിച്ചിട്ടുണ്ട്.ആയത് തനതുഫണ്ട് നിക്ഷേപിക്കുന്ന വരവൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ ഭവനനിർമ്മാണ പ്രൊജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.(പ്രൊജക്ട് നം.33/16).ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും 320000/-രൂപയും ബ്ലോക്ക് വിഹിതം 2,80000/-രൂപ യും ഉൾപ്പെടെ ആകെ 600000/-രൂപ വകയിരുത്തിയ മേൽ പ്രൊജക്ട് 2015-16ൽ നടപ്പാക്കിയിട്ടില്ല.

ആശ്രയയിൽ ഉൾപ്പെട്ട 24കുടുംബങ്ങൾ ഭവനരഹിതരായി നിലവിൽ അവശേഷിക്കുന്ന സാഹചര്യത്തിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 അംഗൻവാടികൾ-അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച മാർഗരേഖയായ ജി.ഒ.(എം.എസ്) 362/13/തസ്വഭവ തിയതി : 16.11.13 നമ്പർ ഉത്തരവിലെ അനുബന്ധം 1, ഖണ്ഡിക 9 ൽ അംഗൻവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം,ഫർണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിൽ ഇപ്പോഴും ഭൗതിക സൗകര്യങ്ങൾ ഏറെ അപര്യാപ്തമാണ്.

ആകെ 22 അംഗൻവാടികളാണ് ഗ്രാമ പഞ്ചായത്തിലുള്ളത്. ഇതിൽ സ്വന്തം കെട്ടിടമുള്ളത് 19 എണ്ണത്തിനു മാത്രമാണ്. ബാക്കി 3 എണ്ണത്തിൽ ഒരെണ്ണം സ്ഥലം ലഭ്യമല്ലാത്തതിനാൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മറ്റു രണ്ടെണ്ണം വാടകയില്ലാതെ സർക്കാർ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. സ്വന്തം കെട്ടിടമുള്ള 19 എണ്ണത്തിൽ വൈദ്യുതി കണക്ഷനുള്ളത് 1 എണ്ണത്തിൽ മാത്രമാണ്. 15അംഗൻവാടികളിൽ ബേബിടോയ്‌ലറ്റ് ഉണ്ട്. സമീപ വീടുകളെ കുടിവെള്ളത്തിനായി ആശ്രയിക്കുന്ന 6അംഗൻവാടികളും പൊതുടാപ്പ്,പൊതുകിണർ എന്നിവ ആശ്രയിക്കുന്ന 2അംഗൻവാടികളും ഉണ്ട്.

2015-16 സാമ്പത്തിക വർഷം പൂരകപോഷകാഹാര പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ലഭിച്ചിട്ടുണ്ട്.

| ഡി.ഡി.നം. | തുക |
|---|---|
| 743900/17.10.15 | 85802 |
| 743887/17.10.15 | 42487 |
| 211474/28.3.16 | 105638 |
| 211486/28.3.16 | 95370 |
| | 329297/- |

പൂരകപോഷകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതത്തിൽ നിന്നും തൻവർഷം ചെലവഴിച്ചത് ആകെ 36027/-രൂപ മാത്രമാണ്.ബാക്കി 293270/-രൂപ ഈയിനത്തിൽ അവശേഷിക്കുന്നു.സ.ഉ.നം.39033/ഡി.സി2 /2010ത.സ്വ.ഭ.വ തിയതി.3.9.2010 പ്രകാരം പൂരകപോഷകാഹാരപരിപാടി ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുകവിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അംഗൻവാടികളിൽ കുടിവെള്ളം,വൈദ്യുതി മുതലായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

എല്ലാ അംഗൻവാടികളിലും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ഭവനനിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം -വി.ഇ.ഒ

പ്രൊജക്ട് -ഭവനനിർമ്മാണം(ജനറൽ),സ്പിൽ ഓവർ

പ്രൊജക്ട് .നം. -91/16

ആകെ അനുവദിക്കുന്ന ധനസഹായം -100000/-

2015-16 സാമ്പത്തികവർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനനിർമ്മാണ പ്രൊജക്ടിൽ (2014-15ലെ സ്പിൽ ഓവർ) ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് നാളിതു വരെ ബാക്കി തുക കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവ് | അവസാനഗഡു കൈപ്പറ്റിയ തിയ്യതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| മൈമൂന,ആലിപറമ്പിൽ | 30.04.14 | 50000 |
| റസിയ,കുണ്ടുപറമ്പിൽ | 20.05.14 | 50000 |

| | | |
|---|---|---|
| ഹംസ മൊയ്തുട്ടി,മണ്ണിൽവളപ്പിൽ | 19.11.14 | 70000 |
| സവിതസുരേഷ്,വാച്ചക്കാൽ | 29.09.14 | 50000 |
| ഷക്കീല മുസ്തഫ,മന്തിയിൽ | 10.03.16 | 70000 |
| ഷീജ പ്രേമദാസൻ,ആണ്ടലാടി | 29.04.14 | 50000 |
| രാജൻ,തമങ്ങലത്ത് | 30.09.14 | 50000 |
| റംല,കോട്ടുപുറത്ത് | 10.04.15 | 70000 |
| അലീമ,വീട്ടിയത്ത് | 19.11.14 | 10000 |
| ഷമീർ,ചേരിക്കല്ലിൻമേൽ | 20.01.15 | 40000 |

ഭവനനിർമ്മാണത്തിനായി ആദ്യഗഡു മാത്രം കൈപ്പറ്റി നാളിതുവരെ തുടർ പ്രവർത്തനം നടത്താത്ത അലീമ, വീട്ടിയത്ത് എന്ന ഗുണഭോക്താവിൽ നിന്നും തുക തിരിച്ചു പിടിക്കേണ്ടതാണ്. മറ്റു ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 പ്രവൃത്തി നാളിതുവരെ പൂർത്തിയായിയില്ല

നിർവ്വഹണഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ : എസ്. 121/16

അടങ്കൽ : ₹372690(വികസനഫണ്ട് (എസ്.സി.പി.)

സാങ്കേതികാനുമതി : 332/AEE/LSGD/WKY/ 28.7.15; ₹372690

ചെലവഴിച്ച തുക :ട്രഷറി ബിൽ നമ്പർ 82/29.3.16;₹304590

(ഒന്നാംപാർട്ട്ബിൽ)

അളവുപുസ്തകം : 69/15-16

കരാറുകാരൻ : ശ്രീ.പി.മമ്മിക്കുട്ടി (എസ്റ്റിമേറ്റ് നിരക്ക്)

കരാർ : 40/3.12.15

നിലവിലുള്ള ഞെട്ടുക്കണ്ണി കടിവെള്ളപദ്ധതിക്ക് ഫെറോസിമന്റ് ടാങ്ക് സ്ഥാപിക്കൽ, പമ്പിങ്ങ് & വിതരണ പൈപ്പ് ലൈൻ വിന്യസിക്കൽ എന്നിവയാണ് പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. ഫെറോസിമന്റ് ടാങ്ക് സ്ഥാപിക്കൽ, ഭാഗികമായി പൈപ്പ് ലൈൻ വിന്യസിക്കൽ എന്നിവ മാത്രമാണ് ഒന്നാമത്തെ പാർട്ട് ബിൽ അനുസരിച്ച് ചെയ്ത പ്രവൃത്തികൾ. പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല. ജലലഭ്യതയിലുണ്ടായ കുറവുണ്ടായതിനാൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നത് ഫലപ്രദമാകില്ല എന്നതുകൊണ്ടാണ് പ്രവൃത്തി നിറുത്തി വെച്ചിരിക്കുന്നതെന്ന് അറിയിക്കുകയുണ്ടായി. പുതിയ ബോർവെൽ കുഴിക്കുന്നതുൾപ്പെടെയുള്ള മാർഗ്ഗങ്ങൾ പരിഗണിച്ചുവരികയാണെന്നും അറിയിക്കുകയുണ്ടായി. പ്രൊജക്ട് ഫലപ്രദമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്ട് : ഹോമിയോ മരുന്നു വാങ്ങൽ
(ഹോമിയോപതി ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ )

പ്രൊജക്ട് നം : 32/2015-16

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോപതി.

വരവൂർ ഗ്രാമ പഞ്ചായത്തിലെ ഹോമിയോപതി ഡിസ്പെൻസറിയിലേക്ക് മേൽ പറഞ്ഞ പ്രൊജക്ട് നടത്തിപ്പിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്, താഴെ പറയും പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റ് നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽനം /തിയ്യതി | പ്രൊജക്ട് നം | ഡി.ഡി നം | നൽകിയ തുക |
|---|---|---|---|---|
| 1 | 1/2015-16,15.03.2016 | (02/2015-16) | 211063/21.03.2016 | 59000 |

മേൽ സൂചിപ്പിച്ച തുകക്കുള്ള മരുന്നുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. ലഭ്യമായിട്ടില്ലാത്ത മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ നിർവഹണ ഉദ്യോഗസ്ഥർ എടുക്കേണ്ടതാണ്. മേൽ പറഞ്ഞ തുകക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതുവരെ തുക 59000 /- തടസ്സപ്പെടുത്തുന്നു

## 3-19 കന്നുകുട്ടി പരിപാലനം പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് : കന്നുകുട്ടിപരിപാലനം

പ്രൊജക്ട് നം : 12/2015-16

ബിൽ നം /തിയ്യതി : 1/ 2015-16,15.03.2016

ബിൽ തുക :250000

വരവൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ കന്നുകുട്ടിപരിപാലനം പദ്ധതിക്കായി മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 250000/- പിൻവലിച്ചിട്ടുണ്ട്. ഈ തുക പിലാക്കാട് ക്ഷീര സഹകരണസംഘം വഴി 40 ഗുണഭോക്താക്കൾക്ക് 6250/- രൂപ പ്രകാരം തുക 250000/-(6250x40) ഡെപ്യൂട്ടി ഡയറകടർ,(AH),SLBP,തൃശ്ശൂർ ന് D.D No. 210906, തിയ്യതി 17.03.2016 പ്രകാരം നൽകിയിട്ടുണ്ട്.പിലാക്കാട് ക്ഷീര സഹകരണ സംഘത്തിന്റെ കാലിതീറ്റ വിതരണ

രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന രീതിയിൽ കാലിതീറ്റ വിതരണം നടത്തിയിട്ടുണ്ട്.

| കന്നുകുട്ടിയുടെ പ്രായം | കാലിതീറ്റ നൽകിയ തിയ്യതി | കൊടുത്ത കാലിതീറ്റയുടെ അളവ് | ആകെ തുക | സബ്സിഡി തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 7 | 28.04.2016 | 60kg | 1020 | 510 |
| 8 | 26.05.2016 | 60kg | 1020 | 510 |
| 9 | 26.06.2016 | 60kg | 1020 | 510 |
| 10 | 26.07.2016 | 60kg | 1020 | 510 |
| 12 | 29.11.2016 | 60kg | 1020 | 510 |
| ആകെ | | | | 2550 |

കാലിതീറ്റ വിതരണ രജിസ്റ്റർ പ്രകാരം നിലവിൽ പിൻവലിച്ച തുകയിൽ നിന്നും മേൽ പറഞ്ഞ പ്രകാരം 40 പേർക്ക് 50% സബ്സിഡി വീതം ആകെ 102000/-(40x2550) രൂപക്കുള്ള ആനുകൂല്യമാണ് വിതരണം നടത്തിയിരിക്കുന്നത്. ഇത് ഫീൽഡ്തല ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ റിപ്പോർട്ടോ സാക്ഷ്യപ്പെടുത്തലുകളോ ഇല്ല. ഇതു സംബന്ധിച്ച വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതുവരെ പ്രത്യേക കന്നുകുട്ടിപരിപാലനവുമായി ബന്ധപ്പെട്ട് പിൻവലിച്ച തുക 250000/- തടസ്സപ്പെടുത്തുന്നു.

## 3-20 പി.എച്ച്.സിയിലേക്ക് മരുന്നുവാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്ട് : പാലിയേറ്റീവ് പരിചരണം - മരുന്നുവാങ്ങൽ )

പ്രൊജക്ട് നം. : 07/2015-16

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

വരവൂർ ഗ്രാമ പഞ്ചായത്തിലെ പി.എച്ച്.സിയിലേക്ക് മേൽ പറഞ്ഞ പ്രൊജക്ട് നടത്തിപ്പിനായി KMSCL, തിരുവനന്തപുരത്തിന് താഴെ പറയും പ്രകാരം ഡി ഡി നൽകിയിട്ടുണ്ട്.

| ക്രമ നം | ബിൽനം /തിയ്യതി | ബിൽ തുക | ഡി ഡി നം | നൽകിയ തുക | മരുന്നുകൾ ലഭ്യമായത് | മരുന്നുകൾ ലഭ്യമാകാനുള്ളത് |
|---|---|---|---|---|---|---|
| 1 | 3/2015-16,16.09.2015 | 55749 | 984240/18.09.2015 | 55749 | 51560 | 4189 |
| 2 | 6/2015-16,30.01.2016 | 120551 | 209584/28.01.2016 | 56172 | 42391 | 13781 |
| | | | | | | 17970 |

മേൽ സൂചിപ്പിച്ച ബിൽ പ്രകാരം പിൻവലിച്ച തുകക്കുള്ള മരുന്നുകൾ മുഴുവനും ലഭ്യമാകാത്തതിനാൽ ബാലൻസ് തുകക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതുവരെ തുക 17970 /- തടസ്സപ്പെടുത്തുന്നു.

## 3-21 ആശ്രയ മരുന്നുകൾ ലഭ്യമായിട്ടില്ല

2015-16 സാമ്പത്തിക വർഷം കുടുംബശ്രീ ചലഞ്ച് ഫണ്ടിൽ നിന്ന് ഹോമിയോ ഡിസ്പെൻസറിയിലേക്കും പി.എച്ച്.സി യിലേക്കും മരുന്നുവാങ്ങുന്നതിനായി തുക നൽകിയിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു

| സ്ഥാപനം | നൽകിയ തുക | ഡിഡി നം/തിയ്യതി |
|---|---|---|

| | | |
|---|---|---|
| ഹോമിയോ ഡിസ്പെൻസറി | 15144 | 392246/30.03.2016 |
| പി.എച്ച്.സി,വരവൂർ | 19050 | 392244/29.03.2016 |

മേൽ സൂചിപ്പിച്ചവയിൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമായിട്ടുണ്ട്.എന്നാൽ വിതരണം നടത്തിയിട്ടില്ല. പി.എച്ച്.സിലേക്കായി 19050/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിങ്ങ് ഡയക്ടർ, KMSCL, തിരുവനന്തപുരത്തിലേക്ക് അയച്ചിട്ടുണ്ട്.എട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഇതുവരെയും മരുന്നുകൾ പി.എച്ച്.സിയിലേക്ക് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നവരെ തുക 19050/- തടസ്സപ്പെടുത്തുന്നു.

## 3-22 ഹെഡ്മാസ്റ്റർ നിർവഹണം-I.E.D.C സ്കോളർഷിപ്പ് അപാകതകൾ

2015-16 ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പ്രൊജക്ട് നടത്തിപ്പിൽ സ്കോളർഷിപ്പ് അധികം നൽകിയും കുറവ് നൽകിയും ഗ്രാമ, ബ്ലോക്ക്, ജില്ലാ വിഹിതം ലഭ്യമായത് നിശ്ചിത അനുപാതം പാലിക്കാതെയുമാണ് നൽകിയിരിക്കുന്നത്.

വിശദവിവരം താഴെ കൊടുക്കുന്നു.

1. സ്കോളർഷിപ്പ് അധികം നൽകിയിരിക്കുന്നു

12- ാം പദ്ധതി മാർഗ്ഗരേഖയനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിന് നിശ്ചിത നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.അതിനനുസൃതമല്ലാതെ സ്കോളർഷിപ്പ് അധികം നൽകിയതിനു ഉദാഹരണം താഴെ കൊടുക്കുന്നു

| പ്രൊജക്ട് | വിദ്യാർത്ഥിയുടെ പേര് വിവരം | നൽകേണ്ട സ്കോളർഷിപ്പ് | നൽകിയത് | അധികം | ബിൽ നം/ തിയ്യതി, തുക |
|---|---|---|---|---|---|
| I.E.D.C സ്കോളർഷിപ്പ് ജനറൽ (പ്രൊജക്ട് നം. 18/15-16) | ഉബൈർഖാൻ XI th std. ആഷഭവൻ ഹയർ സെക്കണ്ടറി സ്കൂൾ, ഒല്ലൂർ(HI) | 8000 (12*600+800) | 10000 | 2000 | 5/2015-16, 23.032016, ബിൽ തുക 150000/- |
| I.E.D.C സ്കോളർഷിപ്പ് എസ്.സി.പി (പ്രൊജക്ട് നം 19/15-16) | ഷിഖിൽ.എസ്, ജി.എച്ച്.എസ്.എസ്. വരവൂർ (LI) | 6600 | 11700 | 5100 | 6/2015-16, 23.032016, ബിൽ തുക 100000/- |

| | | | | | |
|---|---|---|---|---|---|
| | ശബരീന്ദ്രൻ ജി.എച്ച്.എസ്. വരവൂർ 9th std.,(LI) | 8000 | 11700 | 3700 | -do- |
| ആകെ | | 22600 | 33400 | 10800 | |

2)മേൽ സൂചിപ്പിച്ചവരിൽ I.E.D.C സ്കോളർഷിപ്പ് ജനറൽ വിഭാഗത്തിൽ സ്കോളർഷിപ്പ് അധികം നൽകിയ ഉബൈർഖാൻ എന്ന വിദ്യാർത്ഥിയുടെ രേഖകൾ പ്രകാരം(മെഡിക്കൽ സർട്ടിഫിക്കറ്റ്,തിരിച്ചറിയൽ രേഖ,സ്കൂൾ സർട്ടിഫിക്കറ്റ്) പേര് ഉമൈർഖാൻ എന്നാണ് ബാങ്ക് അക്കൗണ്ട് എസ്.ബി പാസ്സ്ബുക്ക് പ്രകാരം ഉബൈർഖാൻ എന്നാണ്.രണ്ടുപേരും ഒരാളാണ് എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3)IEDC സ്കോളർഷിപ്പ് കുറവ് നൽകിയവരുടെ പേരു വിവരം താഴെ കൊടുക്കുന്നു

| പ്രൊജക്ട് | വിദ്യാർത്ഥിയുടെ പേര് വിവരം | നൽകേണ്ട സ്കോളർഷിപ്പ് | നൽകിയത് | കുറവ് | ബിൽ നം/ തിയ്യതി,തുക |
|---|---|---|---|---|---|
| IEDC സ്കോളർഷിപ്പ് എസ്.സി.പി(പ്രൊജക്ട് നം 19/15-16) | വിജീഷ്, നാഷണൽ ഹൈസ്കൂൾ, കോലത്തുർVIIIth std | 6600 | 6000 | 600 | 6/2015-16, 23.032016, ബിൽ തുക 100000/- |
| | അഭിലാഷ്, ജി.എച്ച്.എസ്.എസ്. വരവൂർ , +2,ഹൃദയരോഗം,LI | 8000 | 7100 | 900 | -do- |
| | നിക്കി, ജി.എച്ച്.എസ്.എസ്. എരുമപ്പെട്ടി+1,LI | 8000 | 7100 | 900 | -do- |

മേൽ പറഞ്ഞ വിദ്യാർത്ഥികൾക്കു പുറമെ 2015-16 സാമ്പത്തിക വർഷം 25 വിദ്യാർത്ഥികൾക്ക് കൂടി സ്കോളർഷിപ്പ് നല്കിയിട്ടുണ്ടെങ്കിലും ആയത് വളരെ കുറവായാണ് (40 %-50%) നൽകിയിരിക്കുന്നത്.

4)ഗ്രാമ, ബ്ലോക്ക് ,ജില്ലാ വിഹിതം അനുപാതം പാലിച്ചിട്ടില്ല

12ാം പദ്ധതി മാർഗ്ഗരേഖ,സബ്സിഡി മാർഗ്ഗരേഖ എന്നിവ അനുസരിച്ച് ഗ്രാമ ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളുടെ വിഹിതം 50:25:25 ആയി വകയിരുത്തണം പ്രൊജക്ടിനനുസൃതമായി വിഹിതങ്ങൾ ലഭ്യമായെങ്കിലും വിദ്യാർത്ഥികൾക്ക് നൽകുന്ന കാര്യത്തിൽ ഈ അനുപാതം പാലിച്ചിട്ടില്ല അതിനാൽ ആനുകൂല്യം നൽകിയതിൽ ഏറ്റകുറച്ചിൽ വന്നിട്ടുണ്ട്.ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി പ്രൊജക്ട് വയ്ക്കാനും തദ്ദേശശ സ്വയംഭരണ സ്ഥാപന വിഹിതം ഉറപ്പു വരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചവയിൽ സ്കോളർഷിപ്പ് അധികം നൽകിയ ഇനത്തിൽ ചെലവഴിച്ച തുക 10800/- ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് തിരിച്ചു പിടിക്കുകയോ അടുത്ത വർഷങ്ങളിൽ നൽകുന്ന

സ്കോളർഷിപ്പിൽ ഈ തുക ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.അതുവരെ ചെലവിനത്തിൽ നഷ്ടമായ തുക 10800 ഓഡിറ്റ് നിരാകരിക്കുന്നു

## 3-23 ആശ്രയ-വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നില്ല

വരവൂർ ഗ്രാമപഞ്ചായത്തിൽ ആശ്രയ ഒന്നാംഘട്ടം,രണ്ടാംഘട്ടം എന്നിവയിൽ ആശ്രയയിൽ ഉൾപ്പെട്ട അഗതി കുടുംബങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| | ആശ്രയ ഒന്നാംഘട്ടം | ആശ്രയ രണ്ടാംഘട്ടം | കുറിപ്പുകൾ |
|---|---|---|---|
| ആകെ ഗുണഭോക്താക്കൾ | 140 | 91 | |
| വീട്ടു വെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 9 | 4 | ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ നൽകിയിട്ടില്ല |
| സ്ഥലം ലഭിച്ചവർ | 0 | 0 | |
| വീട് ആവശ്യമുള്ളവർ | 34 | 13 | |
| വീട് ലഭിച്ചവർ | 15 (സിഡിഎസ് മുഖേന) | 8(സിഡിഎസ് മുഖേന-5, ഐ.എ.വൈ മുഖേന-3) | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 74 | 0 | |
| റിപ്പയർ ലഭിച്ചവർ | 19 (സിഡിഎസ് മുഖേന) | 0 | |
| കക്കൂസ് ആവശ്യമുള്ളവർ | 11 | 4 | |
| കക്കൂസ് ലഭിച്ചവർ | 11 | 4 | |
| കറന്റ് ആവശ്യമുള്ളവർ (വയറിംഗ്) | 3 | 0 | സമ്പൂർണ്ണ വൈദ്യുതീ കരണത്തിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| കറന്റ് ലഭിച്ചവർ | 0 | 0 | ലഭ്യമാക്കി |
| കുടിവെള്ളം ആവശ്യമുള്ളവർ | 0 | 53 | |
| കുടിവെള്ളം ലഭിച്ചവർ | 0 | 20 | തൊഴിലുറപ്പ് പദ്ധതിയിൽ 20 അംഗങ്ങൾക്ക് കിണർ നൽകി |

ജി.ഒ.(എം.എസ്) 362/13ത.സ്വ.ഭ.വതിയതി.16.11.13 പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി വാങ്ങി നൽകാൻ പാടുള്ളൂ.(ഖണ്ഡിക 6.7(1)).കൂടാതെ ഖണ്ഡിക 6.8പ്രകാരം ഭവനരഹിതരും വീടു വെയ്ക്കാൻ ഭൂമിയുള്ളവരുമായ അഗതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ധനസഹായം നൽകാൻ പാടുള്ളൂ. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രൊജക്ടുകൾ നടപ്പാക്കുന്നത്. ആശ്രയയിൽ ഉൾപ്പെട്ട ഭവനരഹിതരായ 24കുടുംബങ്ങൾ നിലവിൽ ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്നു. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുമ്പ് അതിലും ഉയർന്ന സാമ്പത്തികശേഷിയുള്ള മറ്റു വിഭാഗങ്ങൾക്ക് ധനസഹായം നൽകി വരുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

ആശ്രയ പ്ലാൻഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.(അക്കൗണ്ട് നം- 67317579058 എസ്.ബി.ടി.വരവൂർ)

| ഫണ്ട് | നിലവിലെ നീക്കിയിരിപ്പ് |
|---|---|
| പ്ലാൻഫണ്ട് | 3,50000(ഒന്നാംഘട്ടം-1,40000/-രണ്ടാംഘട്ടം-2,10000/-) |
| ചലഞ്ച് ഫണ്ട് | 27021 |

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതി ഒഴിവാക്കേണ്ടതാണ്.ആശ്രയയിൽ ഉൾപ്പെട്ട അഗതികളുടെ ആവശ്യങ്ങൾ പുനപരിശോധിക്കേണ്ടതും വിലയിരുത്തൽ സമിതി, മോണിറ്ററിംഗ് സമിതി എന്നിവ നിർബന്ധമായും ആയവ പരിശോധിച്ച് അർഹരായവർക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാകുന്നു എന്നുറപ്പു വരുത്തേണ്ടതുമാണ്. `

## 3-24 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

വരവൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | | |
|---|---|---|
| 1 | 2015-16 വർഷത്തെ മൊത്തം അടങ്കൽ | 89250000 |
| 2 | 2015-16 വർഷത്തെ മുൻ ബാക്കി | 0 |
| 3 | 2015-16 വർഷത്തെ ആകെ വരവ് | 10770845 |
| 4 | 2015-16 വർഷത്തെ ആകെ ചെലവ് | 10764520 |
| 5 | 2015-16 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 6325 |
| 6 | 2015-16 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | 187 |
| 7 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 125 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3156 |
| 9 | 2015-16 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 62383 |
| 10 | 2015-16 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 1284 |
| 11 | 2015-16 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 28 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ വിതരണം ചെയ്ത വേതനം | 9629000 |
| 13 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2011-12 | 1000000 | ദേവിച്ചിറ പുനരുദ്ധാരണം | 908641 | 91359 | (മുൻവർഷങ്ങളിലെ ചെലവ് 902888/-, 2014-15 ലെ ചെലവ് 5753) |
| -do- | 2012-13 | 100000 | ഹൈമ്മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | - | 100000 | |
| -do- | 2012-13 | 1000000 | ചെമ്പിക്കുന്ന് റോഡ് സോളിങ്ങ്, മെറ്റലിങ്ങ്,ടാറിങ്ങ് | 999578 | 422 | |
| -do- | 2012-13 | 1875000 | 1017 കോളനി റോഡ് സോളിങ്ങ്, മെറ്റലിങ്ങ് | 1837003 | 37997 | |
| -do- | 2014-15 | 75000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | 75000 | - | |
| സി.ഡി.പി.ഒ,ബ്ലോക്ക് പഞ്ചായത്ത് | 2013-14 | 73800 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | 69000 | 4800 | |
| -do- | 2015-16 | 75000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | 75000 | 0 | |
| -do- | 2015-16 | 280000 | ആശ്രയ ഭവന | - | 280000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | നിർമ്മാണം | | | |
| ജില്ലാ പഞ്ചായത്ത് | 2015-16 | 75000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | 75000 | 0 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| KSEB | തെരുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ,KSEB, ദേശമംഗലം | 21100110, 25.10.2011 | 185500 | - | ചെലവഴിച്ചു,വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| KSEB | വൃദ്ധസദനത്തിലേക്ക് ലൈൻ നീട്ടൽ KSEB, ദേശമംഗലം | 21201280, 04.03.2013 | 8635 | | -do- |
| KSEB | വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ, KSEB, കുണ്ടന്നൂർ | 21201281, 04.03.2013 | 5125 | | പൂർത്തികരിച്ചു.വിനിയോഘ സാക്ഷ്യപത്രം 2013-14 ൽ ലഭിച്ചു |
| KSEB | തെരുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ, സെക്യൂരിറ്റി ഡെപ്പോസിറ്റ് KSEB,കുണ്ടന്നൂർ | ലഭ്യമല്ല | 1500 | | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| KWA | സമഗ്രകുടിവെള്ള പദ്ധതി- ചെമ്പിക്കുന്ന്, പെരുംകുന്ന് | -do- | 515000 | 451574 | പൂർത്തികരിച്ചു.2016-17 ൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു |
| WA | താമരകുന്ന് കോളനി കുടിവെള്ള പദ്ധതി | 355209, 02.03.2012 | 310000 | | -do- |
| KWA | ചങ്കരത്തൊടി കുടിവെള്ളപദ്ധതി | 355211, 2.3.2012 | 330000 | | -do- |
| KWA | വെട്ടുകാട് കുടിവെള്ള പദ്ധതി | 355212, 2.3.2012 | 135000 | | -do- |

| | | | | | |
|---|---|---|---|---|---|
| KWA | പൊറത്തിശ്ശേരി കുടിവെള്ള പദ്ധതി | 355509, 16.3.2012 | 850000 | | പൂർത്തികരിച്ചിട്ടില്ല |
| KWA | പൊന്നംകുന്നം കുടിവെള്ള പദ്ധതി | 355210, 2.3.2012 | 50000 | 48750 | പൂർത്തികരിച്ചു.2016-17 ൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു |
| KWA | സമഗ്ര കുടിവെള്ള പദ്ധതി | 355208, 2.3.2012 | 45000 | | -do- |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 500/- രൂപ ഈടാക്കിയിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തിയ്യതി |
|---|---|---|---|---|
| 2007-08 മുതൽ 2010-11ഓഡിറ്റ് റിപ്പോർട്ട് | 2-1 | 250 | സുജാത.കെ.എൻ | 11504101492,20.11.2015 |

| | | | | |
|---|---|---|---|---|
| -do- | 2-1 | 250 | അല്ലി.എം.പി | 11504101493,20.11.2015 |
| | | 500 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | | 2014 | 6.3.1 | പ്രൊക്യൂർമെന്റ് കമ്മിറ്റ്,സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് | |
| 2013-14 | | 2014 | 6.3.2 | പ്രൊക്യൂർമെന്റ് -സൈക്കിൾ ആദ്യപടി പാലിക്കപ്പെടുന്നില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35227949 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43722274 |
| വരവിനങ്ങളിലുള്ള നഷ്ടം | 6076 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29406 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3984598 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 2-4 | 2403 | | വി.പി.വിജയൻ.സെക്രട്ടറി |
| 2-5 | 548 | | എം.എസ്.അംബിക, അസി.സെക്രട്ടറി<br>സെക്രട്ടറി ഇൻ ചാർജ് |
| 2-6 | 313 | | വി.പി.വിജയൻ<br>സെക്രട്ടറി |
| 2-7 | 1934 | | എം.എസ്.അംബിക. അസി.സെക്രട്ടറി<br>. സെക്രട്ടറി ഇൻ ചാർജ് |
| 2-10 | 1184 | | വി.പി.വിജയൻ.സെക്രട്ടറി |
| 2-12 | 878 | | വി.പി.വിജയൻ,സെക്രട്ടറി |
| 3-6(1&2) | | 5962 | സീന.എൻ. അസി.എഞ്ചിനീയർ |
| 3-9 | | 12644 | രാജലക്ഷ്മി.പി.കെ, കൃഷിഓഫീസർ |
| 3-22 | | 10800 | മേരിക്കുട്ടി അഗസ്റ്റിൻ, ഹെഡ്മിസ്ട്രസ്,വരവൂർ |
| ആകെ | 6076 | 29406 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 11411 | സീന.സി.എൻ,അസി.എഞ്ചിനീയർ |
| | 2782 | ദൃശ്യ,അസി.എഞ്ചിനീയർ |

| | | |
|---|---|---|
| 3-12 | 65000 | വി.പി.വിജയൻ,സെക്രട്ടറി |
| 3-13 | 440000 | എം.എസ്.അംബിക,അസി.സെക്രട്ടറി |
| | 3119385 | എ.എസ്.അംബികഅസി.സെക്രട്ടറി,സെക്രട്ടറി ഇൻ ചാർജ് |
| 3-18 | 59000 | ഡോ.സ്റ്റീഫൻ ജോസ്.മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 3-19 | 250000 | ഡോ.രാജലക്ഷ്മി രാധാകൃഷ്ണൻ,വെറ്ററിനറി സർജൻ |
| 3-20 | 17970 | ഡോ.രേഖ.എൻ,മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം,വരവൂർ |
| 3-21 | 19050 | എം.എസ്.അംബിക,അസി.സെക്രട്ടറി |
| | 3984598 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

2-4 120/-
2-5 27/-
2-6 16/-
2-7 27
ആകെ 260
===
കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് 260/-രൂപ നഷ്ടം സംഭവിച്ചു

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖണ്ഡിക-2-3,,3-9

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.പി.വിജയൻ, സെക്രട്ടറി | വിരമിച്ചു | വടക്കൂട്ട്(ഹൗസ്) കാനാട്ടുകര പോസ്റ്റ്, തൃശ്ശൂർ |

| | | |
|---|---|---|
| എം.എസ്.അംബിക, അസി.സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>വരവൂർ ഗ്രാമ പഞ്ചായത്ത് | പ്രസന്നാലയം<br>എം.ജി.കാവ്(പോസ്റ്റ്)<br>,തൃശ്ശൂർ |
| സീന.സി.എൻ, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എൻജിനിയർ<br>വരവൂർ ഗ്രാമ പഞ്ചായത്ത് | ഇ-1 ,<br>അളകനന്ദ റസിഡൻസി,<br>അയ്യന്തോൾ പോസ്റ്റ്<br>ചുങ്കം ,തൃശ്ശൂർ<br>പിൻ 680003 |
| പി.കെ.രാജലക്ഷ്മി, കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>വരവൂർ ഗ്രാമ പഞ്ചായത്ത് | പുല്ലോക്കാരൻ (Ho)<br>മുളങ്കുന്നത്തുകാവ്(പോസ്റ്റ്)<br>തൃശ്ശൂർ |
| മേരിക്കുട്ടി അഗസ്റ്റിൻ | ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ്,വരവൂർ | തേരത്ത് (ഹൗസ്)<br>ചെറുതുരുത്തി പോസ്റ്റ്<br>തൃശ്ശൂർ |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.എസ്.2- 794/11 |
| 83-84 | എൽ.എഫ്.ടി.എസ്.2- 794/11 |
| 84-85 | എൽ.എഫ്.ടി.എസ്.2- 794/11 |
| 85-86 | എൽ.എഫ്.ടി.എസ്.2- 794/11 |
| 86-87, 87-88 | എൽ.എഫ്.ടി.എസ്.2- 794/11 |
| 88-89, 89-90 | എൽ.എഫ്.ടി.എസ്.2- 794/11 |
| 90-91<br>91-92 | എൽ.എഫ്.ടി.എസ്.2- 794/11 |
| 92-93, 93-94 | എൽ.എഫ്.ടി.20-13-300-93/ 23.11.93 |

| | |
|---|---|
| 96-97 | എൽ.എഫ്.ടി.20- 314-98, 11.08.98 |
| 97-98 | എൽ.എഫ്.ടി.20-10-2000, 20.05.08 |
| 98-99 | എൽ.എഫ്.ടി.20-597-2000, 26.09.2000 |
| 99-2000 | എൽ.എഫ്.ടി.17-1689/02/ 23.01.03 |
| 2000-01 | എൽ.എഫ്.ടി.17-691/04/ 09.12.04 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.17-1440/03/ 01.03.04 |
| 2001-02 | എൽ.എഫ്.ടി.17-690/04/ 09.12.04 |
| 2002-03 | എൽ.എഫ്.ടി.17-1222/08/ 29.08.09 |
| 2003-04 | എൽ.എഫ്.ടി.17-1047/08/ 29.08.09/13.10.09 |
| 2004-05 | എൽ.എഫ്.ടി.17-66/09/ 25.05.10 |
| 2005-06 | എൽ.എഫ്.ടി.17-320/10/ 17.09.10 |
| 2006-07 | എൽ.എഫ്.ടി.17-321/10/ 17.09.10, 19.10.11 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി.(പി.1)-1661/12/ 05.02.13 |
| 2011-12 | എൽ.എഫ്.ടി.(പി.5)-1723/13/ 05.02.14 |
| 2012-13 | എൽ.എഫ്.ടി.(പി.5)-1922/14/ 16.04.15/04.06.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-191/15/ 18-02-16/14-03-16 |
| 2014-15 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ (പി5 )2207/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്

ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

## അനുബന്ധം2

# Audit Certificate

No.KSA-TSR(P5 )2207/16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Varavoor Gramapanchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Varavoor Grama Panchcyath for the year 2015-16, except the

observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.